28
2024
മേയ്
ചൊവ്വ
ഇടവം 14

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.193 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-193 | പേജ് 4, വില 2.00 രൂപ




02 അപൂർവ രോഗ ചികിത്സയിൽ രാജ്യത്തിന് മാതൃകയായി കേരളം

03 മത്സ്യബന്ധന വള്ളങ്ങൾക്കു ഭീഷണിയായി തോട്ടപ്പള്ളി ഹാർബറിലെ ആഴക്കുറവ്

04 512 ഷവർമ്മ വ്യാപാര സ്ഥാപനങ്ങളിൽ ഭക്ഷ്യ സുരക്ഷാ പരിശോധന

# കടലിൽ കുടുങ്ങിയ പത്ത് മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തി

കോഴിക്കോട്: എൻജിൻ നിലച്ച് കടലിൽ കുടുങ്ങിയ 10 മത്സ്യത്തൊഴിലാളികളെയും അവർ സഞ്ചരിച്ച ബോട്ടും ബേപ്പൂർ ഫിഷറീസ് മറൈൻ എൻഫോഴ്സ്മെന്റ് രക്ഷപ്പെടുത്തി. പുതിയാപ്പ ഹാർബറിൽ നിന്നും മത്സ്യബന്ധനത്തിന് പോയ 'വരുണപ്രിയ' എന്ന ബോട്ടിന്റെ എൻജിൻ തകരാറായി 14 നോട്ടിക്കൽ മൈൽ അകലെ കടലിൽ കുടുങ്ങിയ വിവരം ഞായറാഴ്ച വൈകീട്ടാണ് ലഭിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ ബേപ്പൂർ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ നിർദേശ പ്രകാരം മറൈൻ എൻഫോഴ്സ്മെന്റ് വിങ്ങ്, എലത്തൂർ കോസ്റ്റൽ പൊലീസ് എന്നിവർ ചേർന്ന് രക്ഷാപ്രവർത്തനം നടത്തുകയായിരുന്നു. തിങ്കളാഴ്ച പുലർച്ചെയോടെ ബോട്ടും അതിലുണ്ടായിരുന്ന 10 മത്സ്യത്തൊഴിലാളികളെയും സുരക്ഷിതമായി പുതിയാപ്പ ഹാർബറിൽ എത്തിച്ചു. ഷിബു, രജീഷ്, വ്യാസൻ, ബാബു, ശ്രീലേഷ്, വിശ്വനാഥൻ, രഞ്ജിത്ത്, രാജേഷ്, കുട്ടൻ, ചന്തൻ എന്നിവരെയാണ് രക്ഷപ്പെടുത്തിയത്. വെസ്റ്റ്ഹിൽ സ്വദേശി അശോകന്റെ ഉടമസ്ഥതയിലുള്ള ബോട്ടാണ് അപകടത്തിൽപ്പെട്ടത്. മറൈൻ എൻഫോഴ്സ്മെന്റ് ഫിഷറീസ് ഗാർഡ് ബിബിൻ, കോസ്റ്റൽ പൊലീസ് ബുവനദാസ്, കോസ്റ്റൽ വാർഡൻ ലിപീഷ്, റെസ്ക്യു ഗാർഡ് ഹമിലേഷ്, മിഥുൻ എന്നിവരാണ് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയത്. കടലിൽ പോകുന്ന എല്ലാ യാനങ്ങളും ജീവൻരക്ഷാ ഉപകരണങ്ങൾ കരുതുകയും യാനത്തിന്റെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് ബേപ്പൂർ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ സുനീർ വി അറിയിച്ചു.

## നിയമസഭാ സമ്മേളനം ജൂൺ 10ന് ആരംഭിക്കും

തിരുവനന്തപുരം: നിയമസഭാ സമ്മേളനം ജൂൺ 10ന് ആരംഭിക്കുമെന്ന് സ്പീക്കർ എ. എൻ. ഷംസീർ. സഭയ്ക്കകത്ത് സമകാലിക വിഷയങ്ങളെല്ലാം ഉയർന്നുവരുമെന്നും അദ്ദേഹം പറഞ്ഞു. പ്രതിപക്ഷവും സർക്കാരും ഇക്കാലയളവിൽ നല്ല രീതിയിൽ സഹകരിച്ചിട്ടുണ്ട്. അത് തുടരുമെന്നും എ. എൻ. ഷംസീർ വ്യക്തമാക്കി.

## 12 വയസുകാരിയെ കടത്തിക്കൊണ്ടു പോയ കേസ്; മൂന്നുപേർ കസ്റ്റഡിയിൽ

കൊച്ചി: ആലുവ എടയപ്പുറത്തുനിന്ന് അതിഥി തൊഴിലാളിയുടെ മകളെ കടത്തിക്കൊണ്ടു പോയ സംഭവത്തിൽ ഉത്തരേന്ത്യക്കാരായ മൂന്നു പേരെ പോലീസ് കസ്റ്റഡിയിലെടുത്തു. കോൽക്കത്തയിൽ എത്തിക്കാമെന്ന് പറഞ്ഞാണ് ഇവർ കുട്ടിയെ കൊണ്ടുപോയതെന്ന് പോലീസ് പറഞ്ഞു.

കഴിഞ്ഞ ദിവസം കടയിൽ പോയ 12 വയസുകാരിയെ കാണാതാവുകയായിരുന്നു. തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിൽ അങ്കമാലി റെയിൽവേ സ്റ്റേഷനു സമീപത്തു നിന്ന് പെൺകുട്ടിയെ കണ്ടെത്തുകയായിരുന്നു. പെൺകുട്ടി ഒപ്പമുണ്ടെന്ന് കസ്റ്റഡിയിലായവർ ബന്ധുക്കളെ ഫോണിൽ വിളിച്ചറിയിച്ചിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് കുട്ടിയെ കണ്ടെത്തിയത്. കുട്ടിയുടെ മാതാപിതാക്കൾ നാലുവർഷമായി എടയപ്പുറത്ത് വാടകവീട്ടിലാണ് താമസിക്കുന്നത്. കോൽക്കത്തയിൽ ആറാം ക്ലാസിൽ പഠിക്കുന്ന കുട്ടി രണ്ടു മാസം മുമ്പാണ് എടയപ്പുറത്ത് എത്തിയത്.

## അധികമഴയ്ക്ക് സാധ്യത; കാലവർഷം കനക്കും

തിരുവനന്തപുരം: വെള്ളിയാഴ്ചയോടെ കാലവർഷം കേരളത്തിൽ എത്തുമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം. ഇത്തവണ അധികമഴയ്ക്ക് സാധ്യതയുണ്ടെന്നും ജാഗ്രത പാലിക്കണമെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ രണ്ടാം ഘട്ട മൺസൂൺ പ്രവചന റിപ്പോർട്ടിൽ പറയുന്നു.

ദക്ഷിണേന്ത്യയിൽ കാലവർഷം കനക്കും. ജൂണിൽ സാധാരണയേക്കാൾ കൂടുതൽ മഴയ്ക്ക് സാധ്യതയുണ്ട്. റുമാൽ ചുഴലിക്കാറ്റ് മൺസൂണിൻറെ വരവിനെ ബാധിച്ചിട്ടില്ല. അടുത്ത അഞ്ചു ദിവസത്തിനകം തെക്കുപടിഞ്ഞാറൻ കാലവർഷം എത്തും.

മേയിൽ കേരളത്തിൽ കിട്ടേണ്ട മഴ മുഴുവൻ കിട്ടി. തമിഴ്നാട്ടിലും കർണാടകത്തിലും മഴ ലഭിച്ചെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

## നവജാതശിശുക്കൾ മരിച്ച സംഭവം; അഞ്ച് ഓക്സിജൻ സിലിണ്ടറുകൾ പൊട്ടിത്തെറിച്ചെന്ന് എഫ്ഐആർ

ന്യൂഡൽഹി: വിവേക് വിഹാറിലെ തീപിടിത്തത്തിൽ ഏഴ് നവജാത ശിശുക്കൾ വെന്തു മരിച്ച സംഭവത്തിൽ ആശുപത്രിയിലെ അഞ്ച് ഓക്സിജൻ സിലിണ്ടറുകൾ പൊട്ടിത്തെറിച്ചെന്ന് എഫ്ഐആർ. ജനറേറ്ററുകളിൽനിന്നുണ്ടായ തീപ്പൊരിയാണ് തീപിടിത്തത്തിന് കാരണമായതെന്നായിരുന്നു ഫയർ ഫോഴ്സിൻറെ കണ്ടെത്തൽ.

# രാജ്യസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു; വോട്ടെടുപ്പ് ജൂൺ 25ന്

തിരുവനന്തപുരം: കേരളത്തിൽ ഒഴിവുവരുന്ന മൂന്ന് രാജ്യസഭാ സീറ്റുകളിലേക്കുള്ള തെരഞ്ഞെടുപ്പ് ജൂൺ 25ന് നടത്തും.

സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, സിപിഎം കേന്ദ്ര കമ്മിറ്റിയംഗം എളമരം കരീം, കേരള കോൺഗ്രസ് എം ചെയർമാൻ ജോസ് കെ. മാണി എന്നിവരുടെ രാജ്യസഭയിലെ കാലാവധി ജൂലൈ ഒന്നിന് അവസാനിക്കും.

ഈ ഒഴിവിലേക്കാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. നിലവിലെ നിയമസഭയിലെ അംഗബലം അനുസരിച്ച് എൽഡിഎഫിന് രണ്ട് സീറ്റിൽ വിജയിക്കാം. അവശേഷിക്കുന്ന സീറ്റിൽ യുഡിഎഫ് സ്ഥാനാർഥിക്കാണ് ജയസാധ്യത. സിപിഐയും, കേരള കോൺഗ്രസ് എമ്മും, ആർജെഡിയും എൽഡിഎഫ് നേതൃത്വത്തോട് സീറ്റ് ആവശ്യപ്പെട്ടു കഴിഞ്ഞു.

നേരത്തെ ജോസ് കെ മാണി രാജ്യസഭാംഗമായ ശേഷമാണ് കേരള കോൺഗ്രസ് എം യുഡിഎഫ് മുന്നണി വിട്ടത്. സിപിഐയും സിപിഎമ്മുമാണ് പതിവായി ഈ രാജ്യസഭാ സീറ്റുകളിൽ മത്സരിക്കാറുള്ളത്. ഇപ്പോഴത്തെ സാഹചര്യത്തിൽ ജോസ് കെ മാണിക്ക് വേണ്ടി കേരള കോൺഗ്രസ് എമ്മും, എംവി ശ്രേയാംസ് കുമാറിനായി ആർജെഡിയും രാജ്യസഭാംഗത്വം ആവശ്യപ്പെട്ടിട്ടുണ്ട്. അതേസമയം ലോക്സഭയിലേക്ക് മൂന്നാം സീറ്റ് ആവശ്യപ്പെട്ട മുസ്‌ലിം ലീഗിനെ അനുനയിപ്പിക്കാൻ അന്നേ രാജ്യസഭാ സീറ്റ് വാഗ്ദാനം ചെയ്തതിനാൽ ഇപ്പോൾ ഒഴിവുവരുന്ന സീറ്റിൽ യുഡിഎഫിൽ നിന്ന് മുസ്‌ലിം ലീഗ് സ്ഥാനാർത്ഥിയാവും മത്സരിക്കുക.

## ഡിവൈ.എസ്.പി ഗുണ്ടാവിരുന്നിൽ പങ്കെടുത്തു; സസ്പെൻഡ് ചെയ്യാൻ നിർദേശം നൽകി

തിരുവനന്തപുരം: കേരള പോലീസിനാകെ നാണക്കേടുണ്ടാക്കിക്കൊണ്ട് ഗുണ്ടാത്തലവൻ തമ്മനം ഫൈസലിന്റെ വിരുന്നിൽ പങ്കെടുത്ത ആലപ്പുഴ ഡിവൈ.എസ്.പി. എം.ജി. സാബുവിനെ സസ്പെൻഡ് ചെയ്യാൻ മുഖ്യമന്ത്രിയുടെ നിർദേശം. പോലീസ് സേനയിൽ നിന്ന് വിരമിക്കാൻ ഏതാനും ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെയാണ് സാബുവിന് സസ്പെൻഷൻ. ഒരുമണിക്കൂറിനുള്ളിൽ സാബുവിനെ സസ്പെൻഡ് ചെയ്തുകൊണ്ടുള്ള ഉത്തരവ് പുറത്തിറങ്ങണമെന്ന കർശനമായ നിർദേശമാണ് മുഖ്യമന്ത്രി നൽകിയത്.

സാബുവിനെതിരെ ഉയർന്ന ആരോപണത്തിൽ കഴമ്പുണ്ടെന്നാണ് വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തിയത്. ഇതിന്റെ അടിസ്ഥാനത്തിൽ എറണാകുളത്തുനിന്ന് സാബുവിനെതിരായ റിപ്പോർട്ട് ആഭ്യന്തരവകുപ്പിന് ലഭിച്ചു. റിപ്പോർട്ടിലെ വിവരങ്ങൾ മുഖ്യമന്ത്രിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം സാബുവിനെ സസ്പെൻഡ് ചെയ്യാൻ നിർദേശിച്ചത്.

ഗുണ്ടാവിരുന്നിൽ പങ്കെടുത്ത മറ്റ് മൂന്ന് പോലീസുകാരെ നേരത്തേ സസ്പെൻഡ് ചെയ്തിരുന്നു. ഡിവൈ.എസ്.പി. സാബുവിനൊപ്പമുണ്ടായിരുന്ന വിജിലൻസ് ഡ്രൈവർ ഉൾപ്പെടെയുള്ള മൂന്നുപേരെയാണ് സസ്പെൻഡ് ചെയ്തത്. പ്രാഥമിക അന്വേഷണത്തിനൊടുവിലാണ് ഇവർക്കെതിരെ നടപടിയെടുത്തത്. ഇവരുടെ പേരുവിവരങ്ങൾ നിലവിൽ ലഭ്യമല്ല.

ഗുണ്ടാ നേതാക്കളുടെ വീട്ടിൽ നടത്തുന്ന 'ഓപ്പറേഷൻ ആഗ്' പരിശോധനയുടെ ഭാഗമായാണ് അങ്കമാലി പോലീസ് തമ്മനം ഫൈസലിന്റെ വീട്ടിൽ എത്തിയത്. എന്നാൽ, ഡിവൈ.എസ്.പിക്കും പോലീസുകാർക്കുമുള്ള വിരുന്നാണ് നടക്കുന്നതെന്ന് പിന്നീടാണ് വ്യക്തമായത്. റെയ്ഡിനെത്തിയ അങ്കമാലി എസ്.ഐയെ കണ്ടതോടെ ഡിവൈ.എസ്.പി. അടക്കമുള്ള പോലീസുകാർ രക്ഷപ്പെടാൻ ശ്രമിച്ചിരുന്നു.

മേയ് 31ന് വിരമിക്കേണ്ട ഉദ്യോഗസ്ഥനാണ് ഡിവൈ.എസ്.പി. സാബു. അദ്ദേഹത്തിന് സസ്പെൻഷൻ ലഭിച്ചേക്കുമെന്ന് നേരത്തേ തന്നെ റിപ്പോർട്ട് ഉണ്ടായിരുന്നു. കാപ്പ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണ്ടാ നേതാവ് തമ്മനം ഫൈസലിന്റെ വീട്ടിൽ ഞായറാഴ്ച ഒരുക്കിയ വിരുന്നിലാണ് ഡി.വൈ.എസ്.പിയും സംഘവും കുടുങ്ങിയത്.

## പീഡനക്കേസ്; പ്രജ്വൽ രേവണ്ണ മേയ് 31 ന് കീഴടങ്ങും



ബംഗളൂരു: പീഡനക്കേസിൽ പ്രതിയായ ജെഡിഎസ് നേതാവ് പ്രജ്വൽ രേവണ്ണ കീഴടങ്ങുന്നു. ജർമ്മനിയിൽ ഒളിവിൽ കഴിയുന്ന പ്രജ്വൽ മേയ് 31ന് ബംഗളൂരുവിൽ കീഴടങ്ങുമെന്നാണ് സൂചന. പ്രജ്വലിൻറെ ഡിപ്ലോമാറ്റിക് പാസ്പോർട്ട് റദ്ദാക്കാനുള്ള നീക്കത്തിലാണ് വിദേശകാര്യമന്ത്രാലയം.

നാട്ടിലേക്ക് ടിക്കറ്റ് ബുക്ക് ചെയ്തതായും സൂചനയുണ്ട്. കഴി!ഞ്ഞ ഏപ്രിൽ 27 മുതൽ പ്രജ്വൽ ഒളിവിലാണ്. പറയാതെ വിദേശത്ത് പോയതിന് കുടുംബത്തോട് മാപ്പ് ചോദിക്കുന്നെന്ന് പ്രജ്വൽ വീഡിയോ സന്ദേശത്തിൽ പറഞ്ഞു. താൻ വിദേശത്ത് പോയ സമയത്ത് തനിക്കെതിരെ ഒരു കേസുമുണ്ടായിരുന്നില്ലെന്ന് വീഡിയോയിൽ പറയുന്നു.

മേയ് 31ന് രാവിലെ പത്തിന് എസ്ഐടിക്ക് മുമ്പാകെ ഹാജരാകുമെന്ന് പ്രജ്വൽ വ്യക്തമാക്കി. ജുഡീഷറിയിൽ തനിക്ക് വിശ്വാസമുണ്ടെന്നും സത്യം ജയിക്കുമെന്നും പ്രജ്വൽ പറഞ്ഞു. വിദേശത്ത് കഴിയുന്ന പ്രജ്വലിനോട് നാട്ടിലെത്തി കീഴടങ്ങണമെന്ന് പ്രജ്വലിൻറെ മുത്തച്ഛനും മുൻ പ്രധാനമന്ത്രിയുമായിരുന്ന എച്ച്. ഡി. ദേവഗൗഡ ആവശ്യപ്പെട്ടിരുന്നു.

## രാഹുൽ ഗാന്ധിയുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ വേദി തകർന്നു

പാലിഗഞ്ച്: ബിഹാറിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി പങ്കെടുത്ത തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടിക്കിടെ വേദി തകർന്നു. പാടലീപുത്ര ലോക്സഭാ മണ്ഡലത്തിൽ മത്സരിക്കുന്ന ആർജെഡി അധ്യക്ഷൻ ലാലു പ്രസാദിന്റെ മകൾ മിസ ഭാരതിക്ക് വേണ്ടി തിങ്കളാഴ്ച പാലിഗഞ്ചിൽ വോട്ട് അഭ്യർഥിക്കാനെത്തിയപ്പോഴായിരുന്നു സംഭവം. രാഹുൽ ഗാന്ധി ജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് വേദിയിലേക്ക് കയറുമ്പോൾ ഒരു ഭാ?ഗം തകരുകയായിരുന്നു. മിസ ഭാരതിയും മറ്റ് നേതാക്കളും ഒപ്പമുണ്ടായിരുന്നു. സുരക്ഷാ ഉദ്യോഗസ്ഥർ ഉടനെ രാഹുലിനെ വേദിയിൽ നിന്ന് മാറ്റാൻ ശ്രമിച്ചെങ്കിലും അദ്ദേഹം ശാന്തനായി വേദിയിൽ തുടരുകയായിരുന്നു. സംഭവത്തിന്റെ ദൃശ്യങ്ങൾ ദേശീയ മാധ്യമങ്ങളടക്കം പങ്കുവച്ചിട്ടുണ്ട്.




## സി.എം.ആർ.എല്ലിന്റെ സാമ്പത്തിക ഇടപാടുകളിൽ കേസെടുക്കണമെന്ന് പോലീസിനോട് ആവശ്യപ്പെട്ട് ഇ.ഡി

കൊച്ചി: വിവാദ കരിമണൽ കമ്പനിയായ സി.എം.ആർ.എല്ലിന്റെ സാമ്പത്തിക ഇടപാടുകളിൽ കേസെടുക്കണമെന്ന് പോലീസിനോട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി). മുഖ്യമന്ത്രിയുടെ മകൾ വീണ തൈക്കണ്ടിയിലിന്റെ ഐ.ടി. കമ്പനിയായ എക്സാലോജിക്കുമായുള്ള മാസപ്പടി ഇടപാട് ഉൾപ്പെടെ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് ഇ.ഡി. സംസ്ഥാന പോലീസ് മേധാവിക്ക് കത്ത് നൽകി. ഇടപാടുകളിൽ ഐ.പി.സി. പ്രകാരമുള്ള കുറ്റകൃത്യങ്ങൾ കണ്ടെത്തിയതിനെ തുടർന്നാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ ഇ.ഡി. പോലീസിനോട് ആവശ്യപ്പെട്ടത്.

കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമത്തിലെ (പി.എം.എൽ.എ) 66 (2) വകുപ്പ് പ്രകാരമുള്ള നടപടിയാണ് ഇ.ഡി. സ്വീകരിച്ചിരിക്കുന്നത്. അന്വേഷണത്തിൽ വഞ്ചന, ഗൂഢാലോചന എന്നിവ ഉൾപ്പെടെയുള്ള കുറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന് ഇ.ഡി. സംസ്ഥാന പോലീസ് മേധാവിയെ അറിയിച്ചു. ഇതിന് അനുസൃതമായ വകുപ്പുകൾ പ്രകാരം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്നാണ് ഇ.ഡിയുടെ ആവശ്യം.

മാർച്ച് മാസത്തിൽത്തന്നെ ഇതുസംബന്ധിച്ച കത്ത് ഇ.ഡി. സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയിരുന്നു. എന്നാൽ, ഇതിൽ യാതൊരു നടപടിയുമുണ്ടായില്ല. തുടർന്ന് ഈ മാസം പത്തിന് വീണ്ടുമൊരു കത്തുകൂടി ഓർമ്മപ്പെടുത്തൽ എന്ന നിലയിൽ അയയ്ക്കുകയായിരുന്നു.

# സസ്യാവശിഷ്ടങ്ങൾ ലെതറാക്കി മാറ്റാനുള്ള സാങ്കേതികവിദ്യ എൻഐഐഎസ്ടി കൈമാറി

തിരുവനന്തപുരം: കാർഷിക അവശിഷ്ടങ്ങളിൽ നിന്ന് വീഗൻ ലെതർ നിർമ്മിക്കുന്നതിനുള്ള സിഎസ്ഐആർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻറർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (സിഎസ്ഐആർ എൻ ഐ ഐ എ സ് ടി)യുടെ സാങ്കേതികവിദ്യ ആൾട്ടർ വേവ് ഇക്കോ ഇന്നൊവേഷൻസ് (എഡബ്ല്യുഇഐ) പ്രൈവറ്റ് ലിമിറ്റഡിന് കൈമാറി. ഇത് സംബന്ധിച്ച ധാരണാപത്രത്തിൽ ഇരുസ്ഥാപനങ്ങളും ഒപ്പുവെച്ചു.

സസ്യാവശിഷ്ടങ്ങളിൽ നിന്ന് ലെതർ നിർമ്മിക്കുന്നതിനുള്ള സിഎസ്ഐആർ എൻഐഐഎസ്ടി യുടെ സാങ്കേതികവിദ്യയുടെ അഞ്ചാമത്തെ കൈമാറ്റമാണിത്. കേരളത്തിൽ നിന്നുള്ളൊരു കമ്പനിയ്ക്ക് എൻഐഐഎസ്ടിയുടെ ഈ സാങ്കേതികവിദ്യ ആദ്യമായി കൈമാറിയെന്ന പ്രത്യേകതയും ഇത്തവണത്തേതിനുണ്ട്.

വിവിധ കാർഷികാവശിഷ്ടങ്ങളായ കൈതച്ചക്കയുടെ ഇല, വാഴത്തണ്ട്, വൈക്കോൽ തുടങ്ങിയവയിൽ നിന്ന് ലെതർ നിർമ്മിക്കാനുള്ള സാങ്കേതികവിദ്യയാണ് കൈമാറിയത്. ഇത് തുകൽ വ്യവസായത്തിന് സുസ്ഥിര പരിഹാരവും ഉപഭോക്താക്കൾക്ക് പ്ലാസ്റ്റിക് രഹിതപരിസ്ഥിതി സൗഹൃദ ബദലും സാധ്യമാക്കും.



*കാർഷിക അവശിഷ്ടങ്ങളിൽ നിന്ന് വീഗൻ ലെതർ നിർമ്മിക്കുന്നതിനുള്ള എൻഐഐഎസ്ടി സാങ്കേതിക വിദ്യയുടെ ധാരണാപത്രം എൻഐഐഎസ്ടി ഡയറക്ടർ ഡോ.സി അനന്ദരാമകൃഷ്ണൻ ആൾട്ടർ വേവ് ഇക്കോ ഇന്നൊവേഷൻസ് (എഡബ്ല്യുഇഐ) പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർമാർക്ക് കൈമാറുന്നു. എൻഐഐഎസ്ടി ബിസിനസ് ഡെവലപ്മെന്റ് യൂണിറ്റ് മേധാവി ഡോ. പി.നിഷി, സീനിയർ സയന്റിസ്റ്റ് ഡോ. ആഞ്ജനേയലു കൊത്തക്കോട്ട, അഗ്രോപ്രോസസിംഗ് ടെക്നോളജി വിഭാഗം മേധാവി വേണുഗോപാൽ.വി, സീനിയർ സയൻറിസ്റ്റ് ഡോ. വി കെ. പ്രവീൺ എന്നിവർ സമീപം.*

സിഎസ്ഐആർഎൻഐഐഎസ്ടി യുടെ പാപ്പനംകോട് കാമ്പസിൽ നടന്ന ചടങ്ങിൽ സിഎസ്ഐആർഎൻഐഐഎസ്ടി ഡയറക്ടർ സി. അനന്തരാമകൃഷ്ണൻ എഡബ്ല്യുഇഐ ഡയറക്ടർമാരായ ജെസ്വിൻ ജോർജ്ജ്, നിധിൻ സോട്ടർ, നിഗിൽ സോട്ടർ, ടിഗിൽ തോമസ് എന്നിവർക്ക് ധാരണാപത്രം കൈമാറി.സസ്യാധിഷ്ഠിതവും ജൈവവിഘടനം സാധ്യമാക്കുന്നതും ഉയർന്ന പ്രവർത്തന ക്ഷമതയുള്ളതുമായ വസ്തുക്കളിൽ നിന്ന് സുസ്ഥിര ഉത്പന്നങ്ങൾ നിർമ്മിക്കാനുള്ള ആൾട്ടർ വേവ് ഇക്കോ ഇന്നൊവേഷൻസിൻറെ താത്പര്യവും അത്യാധുനിക സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിലുള്ള എൻഐഐഎസ്ടി യുടെ വൈദഗ്ധ്യവും ഒരുമിച്ച് കൊണ്ടുവരാൻ ഈ സഹകരണം സഹായകമാകുമെന്ന് സിഎസ്ഐആർഎൻഐഐഎസ്ടി ഡയറക്ടർ സി. അനന്തരാമകൃഷ്ണൻ പറഞ്ഞു. ഇതിലൂടെ കർഷകർക്ക് അധിക വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

സിഎസ്ഐആർഎൻഐഐഎസ്ടിയിലെ സീനിയർ സയൻറിസ്റ്റ് ഡോ. ആഞ്ജനേയലു കൊത്തക്കോട്ടയുടെ നേതൃത്വത്തിലുള്ള സംഘമാണ് സാങ്കേതികവിദ്യ വികസിപ്പിച്ചത്.

കേരളത്തിൽ ഏകദേശം 20,000 ഹെക്ടർ സ്ഥലത്ത് കൈതച്ചക്ക കൃഷി ചെയ്യുന്നുണ്ട്. ഇതിൽ നിന്ന് ഏകദേശം 720,000 മെട്രിക് ടൺ കാർഷിക മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നു. മലയാറ്റൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ആൾട്ടർ വേവ് ഇക്കോ ഇന്നൊവേഷൻസ് കർഷകരിൽ നിന്നു കാർഷിക ജൈവവസ്തുക്കളും മറ്റ് ജൈവവസ്തുക്കളും ശേഖരിച്ച് മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റുന്നു.

## പോളിടെക്നിക് ലാറ്ററൽ എൻട്രി അഡ്മിഷൻ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ പോളിടെക്നിക് കോളജുകളിലേക്ക് ലാറ്ററൽ എൻട്രി വഴി രണ്ടാം വർഷ ഡിപ്ലോമ കോഴ്സുകളിലേക്ക് നേരിട്ടുള്ള പ്രവേശനത്തിന്റെ ഓൺലൈൻ അപേക്ഷ സമർപ്പണം ആരംഭിച്ചു. പ്ലസ്ടു/വിഎച്ച്എസ്ഇ/ഐടിഐ/കെജിസിഇ/എൻസിവിടി/എസ്സിവിടി എന്നിവയാണ് യോഗ്യത. അപേക്ഷ സമർപ്പണത്തിനായുള്ള ഹെൽപ് ഡെസ്ക് നെടുമങ്ങാട് പോളിടെക്നിക് കോളജിൽ സജ്ജമാക്കിയിട്ടുണ്ട്. www.polyadmission.org/let എന്ന വെബ്സൈറ്റിൽ അപേക്ഷിക്കാം. അപേക്ഷ സമർപ്പണം സൗജന്യമാണ്. അവസാന തീയതി മേയ് 30. കൂടുതൽ വിവരങ്ങൾക്ക്: 7306423502, 9497688633, 9846014331.

## പോളി അഡ്മിഷൻ 2024 -25

സംസ്ഥാന സർക്കാർ സ്ഥാപനമായ കഞ്ഞ്ഞ യുടെ പൈനാവ് മോഡൽപോളിടെക്നിക് കോളേജിൽ ഒന്നാം വർഷത്തിലേക്ക് അഡ്മിഷൻ ആരംഭിച്ചു. അഡ്മിഷന് താല്പര്യമുള്ള SSLC/THSLC/ CBSE-X/ മറ്റ് തുല്യ പരീക്ഷകളിൽ ഉപരിപഠനത്തിന് അർഹരായവർക്ക് അപേക്ഷിക്കാം. മെയ് 22 മുതൽ ജൂൺ 12 വരെ www.polyadmission.org എന്ന പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷിക്കാം. ബയോമെഡിക്കൽ എൻജിനീയറിംഗ്, കമ്പ്യൂട്ടർ എൻജിനീയറിംഗ്, മെക്കാനിക്കൽ എൻജിനീയറിംഗ്, സൈബർ ഫോറൻസിക് ആൻഡ് ഇൻഫർമേഷൻ സെക്യൂരിറ്റി, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് എന്നീ എൻജിനീയറിംഗ് ഡിപ്ലോമ പ്രോഗ്രാമുകളിലേക്കാണ് പ്രവേശനം. sC/ST/OEC/OBC-H വിദ്യാർഥികൾക്ക് ഫീസിളവ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 04862 297617, 8547005084, 9446073146

## ഗസ്റ്റ് ലക്ചറർ ഒഴിവ്

തിരുവനന്തപുരം തൈക്കാട് ഗവ. കോളജ് ഓഫ് ടീച്ചർ എഡ്യുക്കേഷനിൽ വിവിധ വിഷയങ്ങളിൽ ഗസ്റ്റ് ലക്ചററുടെ ഒഴിവുണ്ട്. ഇംഗ്ലീഷ്, മലയാളം,സോഷ്യൽ സയൻസ് ജോഗ്രഫി, എഡ്യുക്കേഷണൽ ടെക്നോളജി, ഫൗണ്ടേഷൻ ഓഫ് എഡ്യുക്കേഷൻ വിഷയങ്ങൾക്ക് മേയ് 27 നും ഫൈൻ ആർട്സ്, പെർഫോമിങ് ആർട്സ് വിഷയങ്ങൾക്ക് 28 നും അഭിമുഖം നടത്തും. അർഹരായ ഉദ്യോഗാർഥികൾ പ്രായം, യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ രേഖകളും ആയതിന്റെ പകർപ്പുകളുമായി അതാത് ദിവസങ്ങളിൽ രാവിലെ 11 ന് കോളജിൽ നേരിട്ട് ഹാജരാകണം. NET ഉള്ളവരുടെ അഭാവത്തിൽ മറ്റുള്ളവരെയും പരിഗണിക്കും. പി.എച്ച്.ഡി, എം.ഫിൽ യോഗ്യതയുള്ളവർക്ക് മുൻഗണന. ഉദ്യോഗാർഥികൾ കോളജ് വിദ്യാഭ്യാസ വകുപ്പിന്റെ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ രജിസ്റ്റർ ചെയ്തിരിക്കണം. വിശദവിവരങ്ങൾക്ക്: 9847245617, ഇമെയിൽ gctetvm@gmail.com.

## നിയമസഭാ മാധ്യമ അവാർഡ് അപേക്ഷ ക്ഷണിച്ചു

ആർ. ശങ്കരനാരായണൻ തമ്പി, സി. അച്ച്യുത മേനോൻ നിയമസഭാ മാധ്യമ അവാർഡ്, ഇ.കെ. നായനാർ, കെ.ആർ. ഗൗരിയമ്മ നിയമസഭാ മാധ്യമ അവാർഡ്, ജി. കാർത്തികേയൻ, സി.എച്ച്. മുഹമ്മദ് കോയ നിയമസഭാ മാധ്യമ അവാർഡ് എന്നീ പേരുകളിൽ കേരള നിയമസഭ ഏർപ്പെടുത്തിയിരിക്കുന്ന ആറ് നിയമസഭാ മാധ്യമ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും പരിപോഷണത്തിന് ശക്തി പകരുന്ന മാധ്യമ പ്രവർത്തനം, പൊതു സമൂഹത്തെ സ്വാധീനിക്കുകയും സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും ചെയ്ത അന്വേഷണാത്മക മാധ്യമ പ്രവർത്തനം, നിയമസഭാ നടപടികളുടെ റിപ്പോർട്ടിംഗ് എന്നിങ്ങനെ മൂന്ന് മേഖലകളിൽ അച്ചടിദൃശ്യ മാധ്യമ വിഭാഗങ്ങളിലെ മികച്ച സൃഷ്ടികൾക്കാണ് അവാർഡ്. 50,000 രൂപയും പ്രശസ്തി പത്രവും ശില്പവും അടങ്ങുന്നതാണ് ഓരോ അവാർഡും. 2023 ജനുവരി 01 നും 2023 ഡിസംബർ 31 നും ഇടയിൽ പ്രസിദ്ധീകരിക്കുകയോ സംപ്രേഷണം ചെയ്യുകയോ ചെയ്തിട്ടുള്ള സൃഷ്ടികളാണ് അവാർഡിനായി പരിഗണിക്കുന്നത്.

അവാർഡിന് പരിഗണിക്കേണ്ടുന്ന റിപ്പോർട്ടുകളുടെ/ പരിപാടികളുടെ ആറ് പകർപ്പുകൾ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ 2024 ജൂൺ 15 ന് വൈകിട്ട് മൂന്നിനു മുമ്പായി സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം 33 എന്ന വിലാസത്തിൽ ലഭ്യമാക്കണം. അവാർഡിനെ സംബന്ധിക്കുന്ന നിബന്ധനകൾ അടങ്ങുന്ന സ്കീം, അപേക്ഷാ ഫോം, വിജ്ഞാപനം എന്നിവ കേരള നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റായ www.niyamasabha.org ൽ ലഭ്യമാണ്.

## ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ജി.എസ്.ടി കോഴ്സിന് അപേക്ഷ ക്ഷണിച്ചു

കേരള സർക്കാർ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (GIFT) പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ജി.എസ്.ടി (PGD-GST) കോഴ്സിന് അപേക്ഷ ക്ഷണിച്ചു. 202425 അധ്യയന വർഷത്തെ കോഴ്സിന്റെ അടിസ്ഥാന യോഗ്യത അംഗീകൃത സർവ്വകലാശാല ബിരുദമാണ്. നികുതി പ്രാക്ടീഷണർമാർ, അക്കൗണ്ടന്റുമാർ, നിയമവിദഗ്ധർ, വിദ്യാർഥികൾ, അധ്യാപകർ, ഉദ്യോഗസ്ഥർ എന്നിവരെ ഉദ്ദേശിച്ചാണ് കോഴ്സ് തുടങ്ങിയിരിക്കുന്നത്. ജി.എസ്.ടി നിയമം, ചട്ടം, അക്കൗണ്ടിങ് എന്നിവയിൽ നൈപുണ്യം നേടുന്നതിനും, ടാക്സ് പ്രാക്ടീഷണർ ആകുന്നതിലേക്കുമുള്ള വൈദഗ്ധ്യം നേടുന്നതിനും സഹായകരമാകുന്ന രീതിയിലാണ് ഈ കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത്. അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാവുന്ന ഒരു വർഷത്തെ കോഴ്സിൽ 180 മണിക്കൂർ പരിശീലനമാണ് (ഓൺലൈൻ/ ഓഫ് ലൈൻ) ഉൾപ്പെടുത്തിയിട്ടുള്ളത്. വിദ്യാർഥികൾ, സർക്കാർ അർധസർക്കാർ പൊതുമേഖലാ ജീവനക്കാർ, പ്രവാസികൾ, റിട്ടയർ ചെയ്തവർ, മുതിർന്ന പൗരന്മാർ എന്നിവർ ഉൾപ്പെട്ട 13 വിഭാഗങ്ങൾക്ക് ഫീസിൽ ആകർഷകമായ ഇളവുകളുണ്ട്. കോഴ്സിന്റെ സിലബസ്, ഫീസ് തുടങ്ങിയ വിവരങ്ങൾ ഗിഫ്റ്റ് വെബ്സൈറ്റിൽ (www.gift.res.in) ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471 2596980, 9746972011, 9995446032. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 15.

## പ്ലേസ്മെന്റ് ഡ്രൈവ്

തിരുവനന്തപുരം കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്റർ ജൂൺ ഒന്നിനു രാവിലെ 10 മുതൽ സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നു.

വിവിധ സ്വകാര്യ സ്ഥാപനങ്ങളിലേക്ക് എസ്.എസ്.എൽ.സി./ പ്ലസ്ടു/ ഡിഗ്രി/ ഡിപ്ലോമ യോഗ്യതയായുള്ള ഉദ്യോഗാർഥികൾക്കായി വിവിധ തസ്തികകളിലെ ഒഴിവുകളിലേക്കാണ് പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നത്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർഥികൾ മേയ് 31ന് ഉച്ചയ്ക്ക് ഒരു മണിക്കു മുൻപായി https://bit.ly/01JUN2024 എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യണം. ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾക്ക് : www.facebook.com/MCCTVM, 0471-2304577.

## ഭിന്നശേഷിജീവനക്കാരുടെ സ്ഥലംമാറ്റം: ഉത്തരവ് പുറപ്പെടുവിച്ചു

ഭിന്നശേഷിയുള്ള ജീവനക്കാരെ അവശതയുടെ അടിസ്ഥാനത്തിൽ വേർതിരിക്കുന്നത് ഒഴിവാക്കണമെന്നാവശ്യപ്പെട്ടുള്ള റിട്ട് ഹർജിയിന്മേലുള്ള ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

ഭിന്നശേഷിക്കാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഭിന്നശേഷിയുള്ള ഒന്നിൽ കൂടുതലുള്ളയാളിനെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി സ്ഥലംമാറ്റം നൽകാൻ വകുപ്പ് തലവന് അനുമതി നൽകുന്നതായി ഉത്തരവിൽ പറയുന്നു.

ഇത്തരം വ്യക്തികൾക്ക് അഞ്ചുവർഷം കഴിയുന്ന മുറയ്ക്ക് തൊട്ടടുത്ത സ്റ്റേഷനിലേക്കോ, തൊട്ടടുത്ത സ്റ്റേഷനിൽ ഒഴിവ് ഇല്ലാത്തപക്ഷം തൊട്ടടുത്ത ജില്ലയിലേക്കോ സ്ഥലം മാറ്റം നൽകാനും വ്യവസ്ഥ ചെയ്യാം. സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട 29.08.2017ലെ സ.ഉ.(എം.എസ്) നമ്പർ 18/2017/ഉഭപവ ഇപ്പോഴത്തെ ഭേദഗതിയോടെ നിലനിൽക്കുമെന്നും ഉത്തരവിൽ പറയുന്നു.

## ഐ.എൽ.ഡി.എംൽ എം.ബി.എ ഡിസാസ്റ്റർ മാനേജ്മെന്റ്

റവന്യു വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയം ഭരണ ഗവേഷണ പരിശീലന സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് (കഘഉങ)ൽ 202426 അധ്യയന വർഷത്തേക്കുള്ള എം.ബി.എ (ദുരന്തനിവാരണം) കോഴ്സിന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. ജൂലൈ 8 വരെ ശഹറാ.സല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റ് മുഖേന അപേക്ഷകൾ സമർപ്പിക്കാം.

കേരള യൂണിവേഴ്സിറ്റി അഫിലിയേഷനോടു കൂടി നടത്തി വരുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ എ.ഐ.സി.ടി.ഇ അംഗീകൃത എം.ബി.എ (ഡിസാസ്റ്റർ മാനേജ്മെന്റ്) കോഴ്സാണ് ഐഎൽഡിഎംലേത്. ദുരന്ത നിവാരണ മേഖലയിൽ ഗവേഷണത്തിനും ഉയർന്ന ജോലികൾ കൈവരിക്കാനും വിദ്യാർഥികളെ സജ്ജരാക്കാൻ ഉതകുന്നതാണ് ഈ എം.ബി.എ പ്രോഗ്രാം. ബിസിനസ് മാനേജ്മെന്റ് രംഗത്തെ വിദഗ്ധരും ഡിസാസ്റ്റർ മാനേജ്മെന്റ് മേഖലയിലെ അന്താരാഷ്ട്രതല ഫാക്കൽറ്റികളും ദുരന്ത നിവാരണം കൈകാര്യം ചയ്യുന്ന റവന്യൂ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും പ്രൊഫഷണലുകളും ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.

അപേക്ഷകർക്ക് 50 ശതമാനം മാർക്കിൽ കുറയാത്ത ബിരുദവും കെമാറ്റ്/ സിമാറ്റ്/ ഇഅഠ എൻട്രൻസ് പരീക്ഷയിൽ സാധുവായ മാർക്കും ഉണ്ടായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 8547610005, ildm.revenue@gmail.com.

## തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് അംഗീകാരം

വലിയതുറ: കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐഐടിസി) സെൻറർ ഓഫ് എക്സലൻസ് ഫോർ സസ്റ്റെയ്നബിൾ ഡെവലപ്മെൻറിൻറെ സീറോ വേസ്റ്റ് ടു ലാൻഡ് ഫിൽ അംഗീകാരം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് ലഭിച്ചു.

ഇന്ത്യയിൽ ഈ അംഗീകാരം നേടുന്ന ആദ്യ വിമാനത്താവളമാണ് തിരുവനന്തപുരം. വിമാനത്താവളത്തിൽ സുസ്ഥിര മാലിന്യ സംസ്കരണത്തിനായി അവലംബിച്ച മാലിന്യം കുറയ്ക്കൽ, പുനരുപയോഗം, പുനഃസംസ്ക്കരിക്കൽ, വീണ്ടെടുക്കൽ എന്നിവയിലൂടെ ലാൻഡ് ഫിൽ ഡൈവേർഷൻ നിരക്ക് 99.50 ശതമാനം കൈവരിച്ചതായി സിഐഐ വിലയിരുത്തി. 100 ശതമാനം പ്ലാസ്റ്റിക് മാലിന്യങ്ങളും ഖരമാലിന്യങ്ങളും എയർപോർട്ടിൽ സംസ്കരിക്കുന്നുണ്ട്.

കഴിഞ്ഞ വർഷത്തെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളാണ് സിഐഐ വിലയിരുത്തിയത്. സീറോ വേസ്റ്റ് ടു ലാൻഡ്ഫിൽ എന്നതിൻറെ ലക്ഷ്യം ഉൽപ്പാദിപ്പിക്കുന്ന മാലിന്യത്തിൻറെ അളവ് കുറയ്ക്കുന്നതിനൊപ്പം കുറഞ്ഞത് 99 ശതമാനവും മാലിന്യ രൂപത്തിൽനിന്ന് മാറ്റുക എന്നതാണ്.

കടലാസ് മാലിന്യം, ഭക്ഷണാവശിഷ്ടങ്ങൾ, റോഡ് മാലിന്യങ്ങൾ എന്നിവയായിരുന്നു വിമാനത്താവളത്തിലെ മാലിന്യ ഉൽപാദനത്തിൻറെ പ്രധാന ഉറവിടങ്ങൾ. ഐഎസ്ഒ 14001: 2015 അംഗീകാരമുള്ള മാലിന്യ സംസ്കരണ സംവിധാനം എയർപോർട്ടിലുണ്ട്. വേർതിരിക്കുന്ന മാലിന്യങ്ങൾ ശേഖരിക്കുന്നതിനും പുനരുപയോഗ യാർഡിലേക്കു മാറ്റാനും സംവിധാനങ്ങളുണ്ട്.

## അപൂർവ രോഗ ചികിത്സയിൽ രാജ്യത്തിന് മാതൃകയായി കേരളം

### എസ്.എം.എ. ബാധിച്ച 12 വയസിന് താഴെയുള്ള മുഴുവൻ കുട്ടികൾക്കും സൗജന്യ മരുന്ന് നൽകി

സ്പൈനൽ മസ്ക്യുലാർ അട്രോഫി (എസ്.എം.എ.) ബാധിച്ച 12 വയസിന് താഴെയുള്ള കുട്ടികളിൽ അപേക്ഷിച്ച എല്ലാ കുട്ടികൾക്കും സംസ്ഥാന സർക്കാരിന്റെ പ്രത്യേക പദ്ധതിയിലൂടെ സൗജന്യ മരുന്ന് നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇവർക്കുള്ള തുടർ ചികിത്സയും അടുത്ത ഘട്ടങ്ങളിലേക്കുള്ള സൗജന്യ മരുന്നുകളും നൽകും. മുമ്പ് 6 വയസ് വരെയുള്ള കുട്ടികൾക്ക് മാത്രം നൽകിയിരുന്ന മരുന്ന് അടുത്തിടെ 12 വയസ് വരെയാക്കിയിരുന്നു. 6 വയസിന് മുകളിലുള്ള 23 കുട്ടികൾക്ക് മരുന്ന് നൽകി. ഇതുൾപ്പെടെ 12 വയസുവരെയുള്ള ആകെ 80 കുട്ടികൾക്കാണ് ഒരു ഡോസിന് 6 ലക്ഷത്തോളം വിലയുള്ള മരുന്നുകൾ സൗജന്യമായി നൽകിയത്.

ലൈസോസോമൽ സ്റ്റോറേജ് രോഗങ്ങൾ ബാധിച്ച കുട്ടികൾക്ക് പ്രതിമാസം 20 ലക്ഷം രൂപ വില വരുന്ന മരുന്നുകളും സൗജന്യമായി വിതരണം ചെയ്തിരുന്നു. ഇതുകൂടാതെ 50 ലക്ഷത്തോളം രൂപ ചികിത്സാ ചെലവ് വരുന്ന മറ്റ് അപൂർവ രോഗങ്ങൾ ബാധിച്ചവർക്ക് അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസായ എസ്.എ.ടി. ആശുപത്രി വഴി മരുന്ന് നൽകി വരുന്നതായും മന്ത്രി പറഞ്ഞു.

അപൂർവരോഗ ചികിത്സയിൽ ഈ സർക്കാർ നിർണായക ചുവടുവയ്പ്പാണ് നടത്തിയത്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനത്ത് അപൂർവ രോഗത്തിനുള്ള മരുന്നുകൾ സർക്കാർ തലത്തിൽ സൗജന്യമായി നൽകാനാരംഭിച്ചത്. അപൂർവ രോഗങ്ങൾക്ക് സമഗ്ര പരിപാലനം ഉറപ്പുവരുത്താനായി കെയർ പദ്ധതി (KARE - Kerala United Against Rare Diseases) സംസ്ഥാനം നടപ്പിലാക്കിയിരുന്നു. ക്രൗഡ് ഫണ്ടിംഗിലൂടെ ഉൾപ്പെടെ ധനസഹായം കണ്ടെത്തി ചികിത്സാ പദ്ധതി വ്യാപിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

കൂടാതെ രാജ്യത്ത് ആദ്യമായി അപൂർവ രോഗ ചികിത്സയിൽ ഹബ്ബ് ആന്റ് സ്പോക്ക് മാതൃക നടപ്പിലാക്കി.അപൂർവ രോഗം ബാധിച്ചവരുടെ ചികിത്സയ്ക്കായി തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ ആദ്യമായി എസ്.എം.എ. ക്ലിനിക് ആരംഭിച്ചു. എസ്.എം.എ. ബാധിച്ച കുട്ടികളിൽ ഉണ്ടാകുന്ന നട്ടെല്ലിലെ വളവ് പരിഹരിക്കുന്ന അതിനൂതനമായ ശസ്ത്രക്രിയ സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിജയകരമായി ആരംഭിച്ചു. ഇതുവരെ അഞ്ച് ശസ്ത്രക്രിയകളാണ് നടത്തിയത്. സ്വകാര്യ ആശുപത്രികളിൽ 15 ലക്ഷത്തോളം രൂപ ചെലവുള്ള ശസ്ത്രക്രിയയാണ് മെഡിക്കൽ കോളേജുകളിൽ സൗജന്യമായി ചെയ്യുന്നത്. എസ്.എ.ടി. ആശുപത്രിയിൽ ജെനറ്റിക്സ് വിഭാഗം ആരംഭിച്ചു. അപൂർവ രോഗങ്ങളിലെ മികവിന്റെ കേന്ദ്രമായ എസ്എടി ആശുപത്രിയിൽ പീഡിയാട്രിക് ന്യൂറോളജി, ജനിതക രോഗവിഭാഗം, ശ്വാസരോഗ വിഭാഗം, ഓർത്തോപീഡിക് വിഭാഗം, ഫിസിക്കൽ മെഡിസിൻ വിഭാഗം തുടങ്ങി വിവിധ വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം അപൂർവ രോഗം ബാധിച്ചവർക്കായി ഒരു കുടക്കീഴിൽ ലഭ്യമാക്കിയതായും മന്ത്രി അറിയിച്ചു.

## ഐ.എച്ച്.ആർ.ഡി കോളേജ് പ്രവേശനം

ഐഎച്ച്ആർഡിയുടെ കീഴിൽ കേരള സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അടൂർ (04734224076, 8547005045), മാവേലിക്കര (04792304494, 8547005046), ധനുവച്ചപുരം (04712234374, 8547005065), കാർത്തികപ്പള്ളി (04792485370, 8547005018), കുണ്ടറ (04742580866, 8547005066), കലഞ്ഞൂർ (04734292350, 8547005024), പെരിശ്ശേരി (04792456499, 9747190302), കൊട്ടാരക്കര (0474 242444, 8089754259) എന്നിവിടങ്ങളിലെ അപ്ലൈഡ് സയൻസ് കോളേജുകളിൽ ഡിഗ്രി കോഴ്സുകളിൽ കോളേജുകൾക്ക് നേരിട്ട് അഡ്മിഷൻ നടത്താവുന്ന 50 ശതമാനം സീറ്റുകളിൽ അപേക്ഷ ക്ഷണിച്ചു. അപേക്ഷ www.ihrdadmissions.org വഴി ഓൺലൈനായി സമർപ്പിക്കാം. എസ് ബി ഐ കളക്ട് മുഖേന ഓൺലൈനിൽ ഫീസ് അടയ്ക്കാം. അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദിഷ്ട അനുബന്ധങ്ങളും, 750 രൂപ (എസ്.സി, എസ്.റ്റി 250 രൂപ) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ അഡ്മിഷനായെത്തണം. വിശദ വിവരങ്ങൾക്ക്: www.ihrd.ac.in.

# പോളിടെക്നിക് പ്രവേശനത്തിന് അപേക്ഷിക്കാം

കേരളത്തിലെ മുഴുവൻ ഗവണ്മെന്റ്, എയിഡഡ്, ഗവ. കോസ്റ്റ് ഷെയറിംഗ് (കഒഞഉ, ഇഅജഋ, ഘആട), സ്വാശ്രയ പോളിടെക്നിക്ക് കോളജുകളിലേക്ക് പ്രവേശന നടപടികൾ ആരംഭിച്ചു. സംസ്ഥാനാടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുന്നത്.

SSLC/ THSLC/ CBSE-X/ മറ്റ് തുല്യപരീക്ഷകളിൽ ഉപരിപഠനത്തിന് അർഹത നേടിയ കണക്ക്, സയൻസ്, ഇംഗ്ലീഷ് മുതലായ വിഷയങ്ങൾ ഓരോവിഷയങ്ങളായി പഠിച്ചവർക്ക് എൻജിനിയറിങ് സ്ട്രീമിലേക്കും (സ്ട്രീം.1) കണക്ക്, ഇംഗ്ലീഷ് എന്നിവ പഠിച്ചവർക്ക് നോൺ എൻജിനിയറിങ് സ്ട്രീമിലേക്കും (സ്ട്രീം.2) അപേക്ഷിക്കാം. കേരളത്തിലെ ഗവൺമെന്റ്/ ഗവ. കോസ്റ്റ്ഷെയറിംഗ് (IHRD, CAPE, LBS) പോളിടെക്നിക്കുകളിലെ മുഴുവൻ സീറ്റിലേക്കും എയിഡഡ് പോളിടെക്നിക്കുകളിലെ 85% സീറ്റുകളിലേക്കും, സ്വാശ്രയ പോളിടെക്നിക്ക് കോളജുകളിലെ 50% ഗവ. സീറ്റിലേക്കുമാണ് ഓൺലൈൻവഴി പ്രവേശനം നടക്കുന്നത്. THSLC, VHSE എന്നിവ പാസായവർക്ക് യഥാക്രമം 10, 2% വീതം റിസർവേഷൻ ഉണ്ട്. ഢഒടഋ പാസായവർക്ക് അവരുടെ ട്രേഡുകൾ അനുസരിച്ചാണ് ബ്രാഞ്ചുകൾ തെരെഞ്ഞെടുക്കാൻ സാധിക്കുക. ഭിന്നശേഷിയുള്ളവർക്ക് 5% സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. SC/ST, OEC, SEBC വിഭാഗങ്ങളിലെ അപേക്ഷകർക്ക് സർക്കാർ നിർദേശപ്രകാരമുള്ള സംവരണം ലഭിക്കും. കൂടാതെ മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10% സംവരണം അനുവദിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സിയ്ക്ക് ലഭിച്ച മാർക്കിൽ കണക്ക്, സയൻസ് എന്നിവയ്ക്ക് മുൻതൂക്കം നൽകിയാണ് സ്ട്രീം.1 ലേക്കുള്ള സെലക്ഷന്റെ ഇൻഡ്ക്സ് സ്കോർ നിശ്ചയിക്കുന്നത്. കണക്ക്, ഇംഗ്ലീഷ് എന്നിവയ്ക്ക് മുൻതൂക്കം നൽകിയാണ് സ്ട്രീം.2 ലേക്കുള്ള സെലക്ഷന്റെ ഇൻഡ്ക്സ് സ്കോർ നിശ്ചയിക്കുന്നത്.

പൊതുവിഭാഗങ്ങൾക്ക് 200 രൂപയും, പട്ടികജാതി/ പട്ടികവർഗ വിഭാഗങ്ങൾക്ക് 100 രൂപയുമാണ് അപേക്ഷാഫീസ്. അപേക്ഷ സമർപ്പിക്കുന്നതിനു മുൻപായിwww.polyadmission.org എന്ന വെബ്സൈറ്റ് മുഖേന OneTime Registration പ്രക്രിയ ഫീസടച്ച് പൂർത്തിയാക്കേണ്ടതും അതിനുശേഷം വിവിധ സർക്കാർ/ സർക്കാർ എയിഡഡ്/ IHRD/ CAPE/ സ്വാശ്രയ പോളിടെക്നിക് കോളജുകളിലേക്കും NCC / Sports ക്വാട്ടകളിലേക്കും അപേക്ഷ സമർപ്പിക്കാൻ കഴിയും. NCC / Sports ക്വാട്ടയിൽ അപേക്ഷിക്കുന്നവർ ഓൺലൈനായി അപേക്ഷിച്ചതിനു ശേഷം അപേക്ഷയുടെ പകർപ്പ് യഥാക്രമം N-C-C ഡയറക്ടറേറ്റിലേക്കും, സ്പോർട്ട്സ് കൗൺസിലിലേക്കും നൽകണം. സ്വകാര്യ സ്വാശ്രയ പോളിടെക്നിക്ക് കോളജ്, സർക്കാർ എയ്ഡഡ് കോളജ് എന്നിവിടങ്ങളിലോ മനേജ്മെന്റ് സീറ്റുകളിലേക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ ഓരോ കോളേജിലേക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. One-Time Registration അപേക്ഷകർ ഒരു പ്രാവശ്യം മാത്രം ചെയ്താൽ മതിയാകും. ഒരു വിദ്യാർഥിയ്ക്ക് 30 ഓപ്ഷനുകൾ വരെ നൽകാം. കൂടുതൽ വിവരങ്ങൾക്ക്: www.polyadmission.org.



ആന്ധ്രാപ്രദേശ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ നീലം സാഹ്നി കേരളത്തിലെ തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ, കമ്മീഷനിലെ മറ്റ് ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തുന്നു.

# ആന്ധ്രാപ്രദേശ്, കേരളം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാർ ചർച്ച നടത്തി

തിരുവനന്തപുരം : ആന്ധ്രാപ്രദേശ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ നീലം സാഹ്നി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാനുമായി കൂടിക്കാഴ്ച നടത്തി. ഇരുസംസ്ഥാനങ്ങളിലെയും തദ്ദേശ സ്വയംഭരണസ്ഥാനപനങ്ങളിലെ തിരഞ്ഞെടുപ്പ്, വോട്ടർ പട്ടിക, വാർഡ് വിഭജനം, ഡീലിമിറ്റേഷൻ കമ്മീഷൻ തുടങ്ങിയവ സംബന്ധിച്ച് കമ്മീഷണർമാർ വിവരങ്ങൾ പങ്കുവെച്ചു.

തുടർന്ന് നീലം സാഹ്നി, തിരഞ്ഞെടുപ്പ് കമ്മീഷനിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച അവതരണവും കണ്ടു. ആന്ധ്രാപ്രദേശിലെ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ച നീലം സാഹ്നി കേരളത്തിലെ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഐ.ടി അധിഷ്ഠിതമായ പല പദ്ധതികളും മാതൃകാപരവും അനുകരണീയവുമാണെന്ന് പറഞ്ഞു.

ആന്ധ്രാപ്രദേശിലെ മുൻ ചീഫ് സെക്രട്ടറിയാണ് നീലം സാഹ്നി. 1984 ബാച്ച് ഐ.എ.എസ് ഉദ്യോഗസ്ഥയായ നീലം സാഹ്നി മുൻപ് കേന്ദ്രവിജിലൻസ് കമ്മീഷൻ സെക്രട്ടറിയായും കേന്ദ്ര സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്.

# മത്സ്യബന്ധന വള്ളങ്ങൾക്കു ഭീഷണിയായി തോട്ടപ്പള്ളി ഹാർബറിലെ ആഴക്കുറവ്

ആലപ്പുഴ: തോട്ടപ്പള്ളി ഹാർബറിലെ ആഴക്കുറവ് മത്സ്യബന്ധന വള്ളങ്ങൾക്കു ഭീഷണിയാകുന്നു. ജില്ലയിൽനിന്നുള്ള നൂറുകണക്കിന് മത്സ്യബന്ധന യാനങ്ങൾ എത്തുന്ന ഹാർബറാണ് മണലും ചെളിയും അടിഞ്ഞ് വള്ള ങ്ങൾക്ക് അപകടക്കെണിയാകുന്നത്.

2010ൽ അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കെയാണ് 14 കോടി രുപ ചെലവഴിച്ചു തോട്ടപ്പള്ളി ഹാർബർ നിർമാണം പൂർത്തിയാക്കിയത്. അന്നത്തെ ഫിഷറീസ് മന്ത്രി എസ്. ശർമ, അമ്പലപ്പുഴയിൽനിന്നുള്ള മന്ത്രി ജി. സുധാകരൻ എന്നിവരാണ് ഉദ്ഘാടന കർമം നിർവഹിച്ചത്. എന്നാൽ, ഉദ്ഘാടനത്തിനു മുമ്പുതന്നെ ഹാർബർ നിർമാണത്തിലെ അപാകത മത്സ്യത്തൊഴിലാളികൾ ചൂണ്ടികാട്ടിയിരുന്നു.

അശാസ്ത്രീയമായ നിർമാണ രീതിയാണ് മണ്ണടിഞ്ഞു കയറാൻ പ്രധാന കാരണം. ഹാർബറിൻറെ തെക്ക് ഭാഗത്തെ പുലിമുട്ടിന് 470 മീറ്റർ നീളവും വടക്കേ പുലിമുട്ടിന് 146 മീറ്റർ നീളവുമാണുള്ളത്. ഹാർബറിൻറെ ഉൾഭാഗത്ത് തെക്ക് വടക്കായി 180 മീറ്ററും കിഴക്ക് പടിഞ്ഞാറായി 215 മീറ്ററും ആഴവുമാണ്. എന്നാൽ, ഹാർബറിൻറെ വീതിക്കുറവും ആഴമില്ലായ്മയുമാണ് നിലവിൽ അപകടം വിളിച്ചു വരുത്തുന്നത്.

യന്ത്രവത്കൃത ബോട്ടുകളും വള്ളങ്ങളുമടക്കം 300 ഓളം മത്സ്യബന്ധനയാനങ്ങളിൽനിന്നുള്ള മത്സ്യക്കുട്ടകൾ ഇറക്കിവയ്ക്കാനുള്ള ലേല ഹാളാണ് ഹാർബറിലുള്ളത്. സ്ഥല സൗകര്യവും കെട്ടിടവുമുണ്ട്. എന്നാൽ, വള്ളങ്ങൾക്കു സുഗമമായി ഹാർബറിലേക്ക് കയറാൻ പറ്റുന്നില്ലെന്നുള്ളതാണ് പരാതി. മഴ മാറി ചാകര സീസണായാൽ നൂറുകണക്കിനു വള്ളങ്ങളാണ് തോട്ടപ്പള്ളി ഹാർബറിലെത്തുന്നത്. എന്നാൽ, തിങ്ങിക്കൂടുന്ന വള്ളങ്ങൾ കൂട്ടിയിടിച്ചുണ്ടാകുന്ന അപകടങ്ങൾ പതിവാകുമ്പോഴും അധികൃതരുടെ ഭാഗത്തുനിന്നു യാതൊരു നടപടിയും ഉണ്ടാകുന്നില്ലെന്നാണ് ആക്ഷേപം.

# പോക്സോ കേസിൽ വിട്ടയച്ച യുവാവിനും ബന്ധുക്കൾക്കും സംരക്ഷണം നൽകണം

ഇടുക്കി: പോക്സോ കേസിൽനിന്നു കോടതി കുറ്റവിമുക്തനാക്കിയ യുവാവിനും ബന്ധുക്കൾക്കും സ്വന്തം വീടുകളിൽ താമസിക്കാനും ഉപജീവനത്തിനായി തൊഴിലെടുക്കാനുമുള്ള സംരക്ഷണം നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

ഇതിനാവശ്യമായ നിർദേശം വണ്ടിപ്പെരിയാർ പോലീസിന് നൽകണമെന്ന് കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി പീരുമേട് ഡിവൈഎസ്പിയോട് ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ വണ്ടിപ്പെരിയാർ പോലീസിൻറെ ഭാഗത്ത് വീഴ്ച സംഭവിച്ചതായും കമ്മീഷൻ വിലയിരുത്തി.

പോക്സോ കേസിൽ കുറ്റവിമുക്തനായ വണ്ടിപ്പെരിയാർ ചുരക്കുളം സ്വദേശി അർജുൻറെ പിതൃസഹോദരൻറെ വീട്ടിൽ നടന്ന മോഷണക്കേസിൽ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും കമ്മീഷൻ ഡിവൈഎസ്പി ക്ക് നിർദേശം നൽകി.

അർജുൻറെ കുടുംബവും പിതൃ സഹോദരൻറെ കുടുംബവും വണ്ടിപ്പെരിയാർ എംഎംജെ പ്ലാൻറേഷനിലെ തൊഴിലാളികളാണ്. 2023 ഡിസംബർ 14 നാണ് അർജുനെ കോടതി കുറ്റവിമുക്തനാക്കിയത്. ഇതിനു ശേഷം മരിച്ച പെൺകുട്ടിയുടെ ബന്ധുക്കൾ അർജുനും കുടുംബത്തിനും നേരേ ഭീഷണിയുയർത്തുന്നുവെന്നു കാട്ടി അർജുൻറെ പിതൃ സഹോദരൻ ഹൈക്കോടതിയെ സമീപിച്ചു.

ഹൈക്കോടതി സംരക്ഷണ ഉത്തരവ് നൽകിയിട്ടും വണ്ടിപ്പെരിയാർ പോലീസ് ഉത്തരവ് നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി. പിതൃ സഹോദരൻ ഷൺമുഖൻറെ മകളുടെ വിവാഹത്തിന് വാങ്ങി സൂക്ഷിച്ചിരുന്ന സ്വർണാഭരണങ്ങൾ മോഷ്ടിക്കപ്പെട്ടു. ഇപ്പോൾ അർജുൻറെ കുടുംബത്തിനും പിതൃ സഹോദരൻറെ കുടുംബത്തിനും വീട്ടിൽ പ്രവേശിക്കാനോ തൊഴിലെടുക്കാനോ കഴിയുന്നില്ലെന്നാണ് പരാതി.

പോലീസ് ബന്തവസോടെ അർജുനെ ചൂരക്കുളത്തുള്ള താമസസ്ഥലത്ത് എത്തിച്ചെങ്കിലും സ്ഥലത്ത് ക്രമസമാധാന പ്രശ്നം നില നിൽക്കുന്നതായി പീരുമേട് ഡിവൈഎസ്പി കമ്മീഷനെ അറിയിച്ചു. അർജുനും കുടുംബത്തിനുമെതിരേ ജനവികാരം നിലനിൽക്കുന്നുണ്ടെന്നും ഇതിൽ മാറ്റമുണ്ടാകുന്ന സമയത്ത് പരാതിക്കാർക്ക് വേണ്ട സഹായങ്ങൾ നൽകാമെന്നും പോലീസ് റിപ്പോർട്ടിൽ പറയുന്നു. എന്നാൽ പോക്സോ കേസിലെ യഥാർഥ പ്രതിയുടെ ദുഃസ്വാധീനമാണ് സംഭവത്തിന് പിന്നിലെന്ന് പരാതിക്കാരായ അർജുൻറെ പിതാവ് സുന്ദറും പിതൃ സഹോദരൻ ഷൺമുഖനും കമ്മീഷനെ അറിയിച്ചു. പരാതിക്കാർക്ക് അർഹതയുള്ള നീതി പോലീസ് നിഷേധിച്ചതായി കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. പരാതിക്കാരൻറെ മകളുടെ വിവാഹത്തിന് കരുതിവച്ച എട്ടു പവനും 50, 000 രൂപയും മോഷണം പോയിട്ടും പോലീസ് ഒരു നടപടിയും സ്വീകരിച്ചില്ലെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. പോലീസിൻറെ ജോലി നിർവഹിക്കാൻ സമ്മതിക്കാത്തവർക്കെതിരേ കേസെടുക്കണമെന്ന് കമ്മീഷൻ ഉത്തരവിൽ വ്യക്തമാക്കി.

# മെഡി. കോളജ് സംഭവം: ഡിഎംഒയുടെ റിപ്പോർട്ട് തേടി മന്ത്രി വീണാ ജോർജ്

ആലപ്പുഴ: ആലപ്പുഴ മെഡിക്കൽ കേളജ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസിംഗിനെ സംബന്ധിച്ച പരാതിയിലും ചികിത്സാപ്പിഴവിലും വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ഡിഎംഒ ഡോ. ജമുനാ വർഗീസിനോട് മന്ത്രി വീണാ ജോർജ് നിർദേശം നൽകി.

വീഴ്ചകളോടൊപ്പം പരിഹാര നിർദേശത്തോടെയുള്ള അടിയന്തര റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദേശം. ഇതുസംബന്ധിച്ച് ഔദ്യോഗികമായി അറിയിപ്പ് ഒന്നും ലഭിച്ചിട്ടില്ലെന്ന് ഡിഎംഒ വ്യക്തമാക്കി.

ഡോക്ടർമാരുടെ ഭാഗത്തുനിന്നു വീഴ്ച ഉണ്ടാവാൻ പാടില്ല. രോഗികളോട് ഇടപെടുമ്പോൾ എല്ലാ കാര്യങ്ങളും ശ്രദ്ധിച്ചു കൈകാര്യം ചെയ്യണം. ജാഗ്രത പുലർത്തിയില്ലെങ്കിൽ കടുത്ത നടപടി നേരിടേണ്ടി വരുമെന്നും മന്ത്രി ഇന്നലെ തിരുവനന്തപുരത്ത് വിളിച്ച ഉന്നതതലയോഗത്തിൽ പങ്കെടുത്ത ആലപ്പുഴ മെഡിക്കൽ കോളജ് പ്രിൻസിപ്പൽ, സൂപ്രണ്ട് എന്നിവർക്ക് താക്കീത് നൽകി.

മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രസവത്തെത്തുടർന്നുണ്ടായ അണുബാധയിൽ പുറക്കാട് കരൂർ തൈവേലിക്കകം ജെ. അൻസാറിൻറെ ഭാര്യ ഷിബിന (31) മരിച്ചത് കഴിഞ്ഞ 28നായിരുന്നു.

അടിക്കടി വണ്ടാനം മെഡിക്കൽ കോളജിൻറെ പ്രവർത്തനത്തിലെ താളപ്പിഴവിൽ ചർച്ച ചെയ്യാൻ എച്ച്. സലാം എംഎൽഎ വിവിധ സംഘടനാ പ്രതിനിധികളുടെ യോഗം ഇന്നലെ വിളിച്ചിരുന്നു. മന്ത്രിയുടെ യോഗത്തിൽ യുവതി മരിച്ച സംഭവുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളജ് അധികൃതർ സമർപ്പിച്ച റിപ്പോർട്ട് ചർച്ചക്കെടുത്തില്ലെന്നാണ് അറിയുന്നത്. കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ കുട്ടിക്ക് അവയവം മാറി ശസ്ത്രക്രിയ നടത്തിയതു വലിയ വിവാദമായ സാഹചര്യത്തിലാണ് മന്ത്രി ഉന്നതതല യോഗം വിളിച്ചത്.

# നാട്ടുകാർ ആക്രമിച്ചെന്ന് ആരോപിച്ച് എസ്ഐ ആശുപത്രിയിൽ; വഴിപോക്കർക്കെതിരേ കേസ്

കട്ടപ്പന: ജോലികഴിഞ്ഞ് വീട്ടിലേയ്ക്കു പോയ യുവാവിനെ അകാരണമായി മർദിക്കുകയും പിടികൂടി പോലീസ് ജീപ്പിൽ കയറ്റാൻ ശ്രമിക്കുകയും ചെയ്ത തങ്കമണി പോലീസ് സ്റ്റേഷനിലെ എസ്ഐ ഐൻ ബാബുവിനെതിരേ നടപടി സ്വീകരിക്കണമെന്ന് ഡിസിസി സെക്രട്ടറി ബിജോ മാണി ആവശ്യപ്പെട്ടു.

ചൊവ്വാഴ്ച രാത്രി സ്വകാര്യ ധനകാര്യ സ്ഥാപനത്തിലെ ജോലി കഴിഞ്ഞ് വീട്ടിലേക്കുപോകാൻ ഇരട്ടയാർ ഇടിഞ്ഞമലയിൽ ബസിറങ്ങി സുഹൃത്തുക്കളുമായി സംസാരിച്ചു നിന്ന ഹരിപ്രസാദിനോട് അതുവഴി വന്ന എസ്ഐ മോശമായി പെരുമാറുകയും മർദിക്കുകയുമായിരുന്നെന്ന് കോൺഗ്രസ് നേതാക്കൾ പറഞ്ഞു.

വിവരമറിഞ്ഞെത്തിയ ഇരട്ടയാർ പഞ്ചായത്ത് അംഗം റെജി ഇലുപ്പുലിക്കാട്ടിനെയും ആക്രമിച്ചു. റെജി കട്ടപ്പന ഡിവൈഎസ്പിയെ ഫോണിൽ വിളിച്ച് വിവരം പറഞ്ഞതനുസരിച്ച് ഡിവൈഎസ്പി, എസ്ഐയെ ഫോണിൽ വിളിച്ചെങ്കിലും എസ്ഐ ഫോൺ എടുക്കാൻ കൂട്ടാക്കിയില്ല. പിന്നീട് എസ്ഐക്ക് ഒപ്പമുണ്ടായിരുന്ന പോലീസുകാരനെ ഡിവൈഎസ്പി വിളിച്ച് ഫോൺ എസ്ഐക്കു നൽകി സംസാരിച്ചതിനു ശേഷം എസ്ഐയും പോലീസുകാരും സ്ഥലത്തുനിന്ന് പോകുകയായിരുന്നു.

സംഭവത്തിനു ശേഷം നാട്ടുകാർ മർദിച്ചെന്നാരോപിച്ച് എസ്ഐ ആശുപത്രിയിൽ അഡ്മിറ്റായി ഹരിക്കും റെജിക്കും കണ്ടാലറിയാവുന്ന നാട്ടുകാർക്കുമെതിരേ ജാമ്യമില്ലാ വകുപ്പു ചേർത്ത് കേസെടുത്തിരിക്കുകയാണ്.

എസ്ഐക്കെതിരേ നടപടി സ്വീകരിക്കണമെന്നും കോൺഗ്രസ് നേതാക്കൾ ആവശ്യപ്പെട്ടു. സംഭവം സംബന്ധിച്ച് ഡിജിപി ഉൾപ്പെടെയുള്ളവർക്ക് പരാതി നൽകിയിട്ടുണ്ടെന്നും നടപടി ഉണ്ടായില്ലെങ്കിൽ പോലീസ് സ്റ്റേഷൻ മാർച്ച് ഉൾപ്പെടെയുള്ള സമരപരിപാടികൾക്ക് കോൺഗ്രസ് നേതൃത്വം നൽകുമെന്നും ഡിസിസി ജനറൽ സെക്രട്ടറി ബിജോ മാണി, കോൺഗ്രസ് ഇരട്ടയാർ മണ്ഡലം പ്രസിഡൻറ് ഷാജി മടത്തുംമുറി, ജോസ് തച്ചാപറമ്പിൽ, ആനന്ദ് തോമസ് എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

## തൃപ്പൂണിത്തുറയിൽ എട്ട് തെരുവുനായ്ക്കളെ വിഷം കൊടുത്തു കൊന്നതായി പരാതി

തൃപ്പൂണിത്തുറ: തൃപ്പൂണിത്തുറ നഗരസഭ 17ാം വാർഡിലെ ചാത്താരിയിൽ എട്ട് നായ്ക്കളെ വിഷം കൊടുത്ത് കൊന്നതായി പരാതി. ഇതു സംബന്ധിച്ച് നായ്ക്കൾക്ക് ഭക്ഷണം നൽകിയിരുന്ന ജിൻസി ജേക്കബാണ് ഹിൽ പാലസ് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയത്.

കഴിഞ്ഞ ശനിയാഴ്ച വൈകിട്ടാണ് നായ്ക്കളെ ചത്ത നിലയിൽ കണ്ടെത്തിയതെന്ന് പരാതിയിൽ പറയുന്നു. വിഷം കലർത്തിയ ഭക്ഷണം കഴിച്ച 18 നായ്ക്കളിൽ 10 എണ്ണത്തിനെ അടുത്തുള്ള മൃഗാശുപത്രിയിൽ എത്തിച്ചതിനെ തുടർന്ന് രക്ഷപ്പെട്ടതായും നാല് നായ്ക്കളുടെ ജഡം കണ്ടെടുത്തതായും പരാതിയിൽ പറയുന്നു. അതേസമയം അഞ്ച് നായകൾ 17ാം വാർഡിൽ ചത്ത വിവരം അറിഞ്ഞിരുന്നുവെന്നും എങ്ങനെയാണ് ചത്തതെന്ന് വ്യക്തമല്ലെന്നും നഗരസഭാധ്യക്ഷ രമ സന്തോഷ് പറഞ്ഞു.

എബിസി പദ്ധതിയുടെ പ്രവർത്തനങ്ങൾ 80 ശതമാനം പൂർത്തിയായെന്നും അനിമൽ കൺട്രോൾ ബോർഡിൻറെ ഒരു അനുമതി കൂടി ലഭിക്കാനുണ്ടെന്നും അവർ പറഞ്ഞു. നായ്ക്കൾ ചത്ത സംഭവം അറിഞ്ഞിട്ടില്ലെന്നും വിഷം കൊടുത്ത് കൊന്നിട്ടില്ലെന്നും വാർഡ് കൗൺസിലർ രാജി അനിൽ പറഞ്ഞു.

## തൃക്കാക്കരയിൽ വീണ്ടും ഭക്ഷ്യ വിഷബാധ; ഇടച്ചിറയിലെ പാഴ്സൽ കേന്ദ്രം അടച്ചുപൂട്ടി

കാക്കനാട്: തൃക്കാക്കരയിൽ വീണ്ടും ഭക്ഷ്യ വിഷബാധ. ഇടച്ചിറയിലെ ഭക്ഷണം പാഴ്സൽ കടയിൽ നിന്നു ഭക്ഷണം കഴിച്ച വാങ്ങിക്കഴിച്ച മൂന്ന് കുട്ടികൾക്കാണ് ഭക്ഷ്യ വിഷബാധയേറ്റത്. ഇടച്ചിറ ഇഎംഎസ് റോഡിൽ എൽദോസ്മഞ്ജു ദമ്പതികളുടെ മക്കളായ പത്തുവയസുകാരി അധീന, അഞ്ചു വയസുകാരി ലൂയിത്തി, രണ്ടര വയസുകാരി അലൈഡ എന്നിവർക്കാണ് ഭക്ഷ്യ വിഷബാധയേറ്റത്. കഴിഞ്ഞ ശനിയാഴ്ച രാവിലെ ഇടച്ചിറയിലെ റാഹത്ത് പാത്തിരിക്കടയിൽ നിന്ന് പൊറോട്ടയും നൈസ് പത്തിരിയും കടലക്കറിയും വാങ്ങിയിരുന്നു. ഭക്ഷണം കഴിച്ച അലൈഡക്കാണ് ആദ്യം വയറിളക്കവും ഛർദിലും അനുഭവപ്പെട്ടത്. പിന്നാലെ മറ്റു രണ്ടുപേർക്കും തുടങ്ങി. ലൂയിത്തി ചികിത്സയിലാണ്. ഭക്ഷ്യ വിഷബാധയുണ്ടാകാനിടയായ ഇടച്ചിറയിലെ ഹോട്ടൽ റാഹത്ത് പത്തിരിക്കടയിൽ ആരോഗ്യ വിഭാഗം പരിശോധന നടത്തി.

സ്ഥാപനത്തിന് ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തി. അടുക്കള വൃത്തിഹീനമായ സാഹചര്യത്തിലായിരുന്നു. കൂടാതെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് ഉണ്ടായിരുന്നില്ല. ഭക്ഷ്യ സുരക്ഷാ ലൈസൻസ് ഇല്ലെന്നും കണ്ടെത്തി. വിൽപ്പനയ്ക്കായി വച്ചിരുന്ന അപ്പം, പൊറോട്ട, ചപ്പാത്തി, ചിക്കൻ 65,ഉൾപ്പടെയുള്ള സാധനങ്ങൾ ആരോഗ്യ വകുപ്പ് പിടിച്ചെടുത്തു. തൃക്കാക്കര നഗരസഭാ ആരോഗ്യ വിഭാഗം ഹോട്ടൽ അടച്ചുപൂട്ടി. ഇടച്ചിറയിലെ ഹർഷ ദാബ ഹോട്ടലിൽ നിന്നു പഴകിയ ചിക്കൻ, മയോണൈസ് എന്നിവ പിടിച്ചെടുത്തു. എം. എം. ബേക്കറിയിൽ നിന്നു കാലാവധി കഴിഞ്ഞ ബ്രെഡ്, ചപ്പാത്തി പായ്ക്കറ്റുകൾ പിടികൂടി. ജിനോ ബാറിൽ നിന്നു പഴകിയ ഭക്ഷണം പിടികൂടി.

## കൊല്ലങ്കോട്ടെ പുലി ചത്തത് ആന്തരിക രക്തസ്രാവം മൂലം; പോസ്റ്റ്മോർട്ടം റിപ്പോർട്ട് പുറത്ത്

പാലക്കാട്:: കൊല്ലങ്കോട് വാഴപുഴയിൽ സ്വകാര്യ വ്യക്തിയുടെ പറമ്പിലെ കമ്പിവേലിയിൽ കുടുങ്ങിയ പുള്ളിപ്പുലി ചത്തത് ആന്തരിക രക്തസ്രാവം മൂലമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. കമ്പിവേലിയിൽ കുരുങ്ങിയതു മൂലം പുലിയുടെ ശ്വാസകോശത്തിൻറെ പ്രവർത്തനത്തെ ബാധിച്ചു. രക്ഷപ്പെടാനുള്ള ശ്രമത്തിനിടെ പുലിയുടെ കാലുകൾക്ക് തളർച്ച ഉണ്ടായതായും റിപ്പോർട്ടിൽ പറയുന്നു. പുലിയെ കൂട്ടിലാക്കുന്നതിനായി മയക്കുവെടി വെച്ചെങ്കിലും വളരെ കുറച്ച് മരുന്ന് മാത്രമേ പുലിയുടെ ശരീരത്തിൽ കയറിയുള്ളൂവെന്ന് അധികൃതർ പറഞ്ഞു.

പുലി കമ്പിവേലിയിൽ കുടുങ്ങിയ സംഭവത്തിൽ വനം വകുപ്പ് സമഗ്ര അന്വേഷണം നടത്തും. കൊല്ലങ്കോട് റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിലായിരിക്കും അന്വേഷണം. ഇന്നലെ വാഴപ്പുഴ സ്വദേശി ഉണ്ണികൃഷ്ണൻറെ പറമ്പിലെ കമ്പി വേലിയിൽ കുടുങ്ങിയ പുലിയെ ഏറെ നേരത്തെ പരിശ്രമത്തിനൊടുവിലാണ് മയക്കുവെടിവെച്ച് പിടികൂടിയത്.

## വെള്ളറട ഗവ. ആശുപത്രിയിൽ രാത്രി ഡോക്ടറില്ല: യൂത്ത് കോൺഗ്രസ് മെഡിക്കൽ ഓഫീസറെ ഉപരോധിച്ചു

വെള്ളറട: മലയോര മേഖലയിലെ ഏക ആശ്രയമായ വെള്ളറട ഗവ. ആശുപത്രിയിൽ രാത്രി എട്ടി നുശേഷം ഡോക്ടറുടെ സേവനം ലഭ്യമാകാത്തതിനെ തുടർന്ന് നൽകിയ പരാതിയിൽ നടപടിയെടുത്തില്ലെന്ന് ആരോപിച്ച് യൂത്ത് കോൺഗ്രസ് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ മെഡിക്കൽ ഓഫീസറെ തടഞ്ഞുവച്ചു.

സംഭവം അറിഞ്ഞെത്തിയ പോലീസിൻറെ നേതൃത്വത്തിൽ നടത്തിയ ചർച്ചയിൽ രാത്രി സേവനം തുടരാമെന്ന് മെഡിക്കൽ ഓഫീസർ ഉറപ്പുനൽകി. ഇന്നു മുതൽ തന്നെ ഡോക്ടറുടെ സേവനം ലഭ്യമാക്കാമെന്ന മെഡിക്കൽ ഓഫീസറുടെ ഉറപ്പ് പാലിക്കപ്പെട്ടില്ലെങ്കിൽ നാളെ മുതൽ പ്രതിഷേധപരിപാടികളായി മുന്നോട്ടുപോകുമെന്നു യൂത്ത് കോൺഗ്രസ് പാറശാല നിയോജകമണ്ഡലം പ്രസിഡൻറ് ബ്രഹ്മിൻചന്ദ്രൻറെ സാന്നിധ്യത്തിൽ യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡൻറ് അജയൻ അറിയിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# 512 ഷവർമ്മ വ്യാപാര സ്ഥാപനങ്ങളിൽ ഭക്ഷ്യ സുരക്ഷാ പരിശോധന

## 52 സ്ഥാപനങ്ങളിലെ ഷവർമ്മ വ്യാപാരം നിർത്തി വയ്പിച്ചു
## കഴിഞ്ഞ മാസം നടത്തിയത് 4545 ഭക്ഷ്യ സുരക്ഷാ പരിശോധനകൾ

തിരുവനന്തപുരം : ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ഷവർമ്മ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 47 സ്ക്വാഡുകളുടെ നേതൃത്വത്തിൽ 512 വ്യാപാര കേന്ദ്രങ്ങളിലാണ് പരിശോധന പൂർത്തിയാക്കിയത്. കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തനം നടത്തിയ 52 സ്ഥാപനങ്ങളിലെ ഷവർമ്മ വ്യാപാരം നിർത്തി വയ്പിച്ചു. 108 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും 56 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും നൽകി. പാർസലിൽ ലേബൽ കൃത്യമായി പതിക്കാതെ വിതരണം നടത്തിയ 40 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു. ശക്തമായ പരിശോധനകൾ തുടരുമെന്നും മന്ത്രി വ്യക്തമാക്കി.

ഷവർമ്മ നിർമ്മാണത്തിൽ കടയുടമകൾ മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താനായിരുന്നു പരിശോധന നടത്തിയത്. ഷവർമ്മ നിർമ്മാണവും വിൽപനയും നടത്തുന്ന സ്ഥാപനങ്ങൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കണം.

ഷവർമ്മ നിർമ്മിക്കുന്ന ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർ ശാസ്ത്രീയമായ ഷവർമ്മ പാചക രീതിയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതും വകുപ്പിന്റെ ബോധവത്കരണ ക്ലാസുകളിൽ പങ്കെടുത്ത് മാർഗ നിർദ്ദേശങ്ങൾ സ്വന്തം സ്ഥാപനങ്ങളിൽ നടപ്പിൽ വരുത്തേണ്ടതുമാണ്. ഷവർമ്മ പാർസൽ നൽകുമ്പോൾ ഉണ്ടാക്കിയ തീയതി, സമയം, ഒരു മണിക്കൂറിനുള്ളിൽ ഭക്ഷിക്കണം എന്ന നിർദ്ദേശം ഉൾപ്പെടുത്തി ലേബൽ ഒട്ടിച്ച ശേഷം മാത്രം ഉപഭോക്താവിന് നൽകുക. എല്ലാ ഹോട്ടലുകളും റെസ്റ്റാറന്റുകളും ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ ഹൈജീൻ റേറ്റിംഗ് സ്വമേധയാ കരസ്ഥമാക്കേണ്ടതാണ്.

സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പ് 2024 ഏപ്രിൽ മാസം ആകെ 4545 പരിശോധനകൾ നടത്തി. സംസ്ഥാനവ്യാപകമായി നടത്തിയ പരിശോധനകളിൽ വിവിധയിനത്തിൽ 17,10,000 രൂപ പിഴ ഈടാക്കി. 716 സ്റ്റാറ്റിയൂട്ടറി സാമ്പിളുകൾ വിവിധ സ്ക്വാഡുകളുടെ നേതൃത്വത്തിൽ ശേഖരിച്ചു. 3479 സർവൈലൻസ് സാമ്പിളുകളും പരിശോധനക്കെടുത്തു. കഴിഞ്ഞ മാസം 71 സാമ്പിളുകൾ അൺ സേഫും 53 സാമ്പിളുകൾ സബ് സ്റ്റാൻഡേർഡും റിപ്പോർട്ട് ചെയ്തു. മിസ് ബ്രാൻഡഡ് സാംപിളുകളുടെ ഇനത്തിൽ 32 അഡ്ജ്യൂഡിക്കേഷൻ കേസുകൾ ഫയൽ ചെയ്തു.

1605 ലൈസൻസുകളും 11343 രജിസ്ട്രേഷനുകളും കഴിഞ്ഞ മാസം നൽകി. 65 അഡ്ജ്യൂഡിക്കേഷൻ കേസുകളും 83 പ്രോസിക്യൂഷൻ കേസുകളും ഏപ്രിൽ മാസം ഫയൽ ചെയ്തു. പരിശോധനകളിൽ നിയമലംഘനം കണ്ടെത്തിയതിനെ തുടർന്ന് 477 റെക്ടിഫിക്കേഷൻ നോട്ടീസുകളാണ് സ്ഥാപനങ്ങൾക്ക് നൽകിയത്.




നിയമ മന്ത്രി പി. രാജീവ് രചിച്ച 'ഇന്ത്യ ദാറ്റ് ഈസ് ഭാരത് - ആൻ ഇൻട്രൊഡക്ഷൻ ടു കോൺസ്റ്റിറ്റിയൂഷണൽ ഡിബേറ്റ്സ്' എന്ന പുസ്തകം മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു.

# ഭരണഘടനയെന്താണെന്നു ജനങ്ങൾക്കു മനസിലാക്കിക്കൊടുക്കേണ്ടതു വളരെ പ്രധാനം: മുഖ്യമന്ത്രി

തിരുവനന്തപുരം : ഭരണഘടനയുടെ അന്തസത്ത മനസിലാക്കുകയെന്നതും ജനങ്ങൾക്കാകെ അതു മനസിലാക്കിക്കൊടുക്കുകയെന്നതും ഇന്നു വളരെ പ്രധാനമാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ഭരണഘടന വിഭാവനം ചെയ്യുന്ന രീതിയിലേക്കു രാജ്യത്തെ നയിക്കാൻ ഇതു ചെയ്തേ മതിയാകൂ. ഇക്കാര്യത്തിൽ പൊതുജനങ്ങൾക്കു പൊതുവായും പൊതുരംഗത്തുള്ളവർക്കു സവിശേഷമായും ഉത്തരവാദിത്തമുണ്ടെന്നും അദ്ദേഹം പറഞ്ഞു. നിയമ മന്ത്രി പി. രാജീവ് രചിച്ച 'ഇന്ത്യ ദാറ്റ് ഈസ് ഭാരത് ആൻ ഇൻട്രൊഡക്ഷൻ ടു കോൺസ്റ്റിറ്റ്യൂഷണൽ ഡിബേറ്റ്സ്' എന്ന പുസ്തകം പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഭരണഘടന വായിച്ചിരിക്കുകയെന്നതുപോലെ അതിലെ അടിസ്ഥാന സങ്കൽപ്പങ്ങൾ പരിചയപ്പെട്ടിരിക്കുകയെന്നതും ഓരോ പൗരനും ഏറ്റെടുക്കേണ്ട ഉത്തരവാദിത്തമാണെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഇന്ത്യ അല്ല, പകരം ഭാരതം മാത്രമാണുള്ളതെന്നും യൂണിയൻ ഓഫ് സ്റ്റേറ്റ്സ് എന്നതിനു പകരം യൂണിയൻ ഓവർ സ്റ്റേറ്റ്സ് എന്നുമൊക്കെ മാറ്റാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഭരണഘടന രൂപപ്പെട്ടത് എങ്ങനെയെന്നും ഭരണഘടനാ രൂപീകരണ ചർച്ചകളിൽ എന്തൊക്കെ കാര്യങ്ങൾ ഉയർന്നുവന്നുവെന്നും സൂക്ഷ്മവും സമഗ്രവുമായി മനസിലാക്കുന്നതു പ്രധാനമാണ്. അതിന് ഉതകുന്ന ഗവേഷണാത്മക രചനയാണ് ഇന്ത്യ ദാറ്റ് ഈസ് ഭാരത് ആൻ ഇൻട്രൊഡക്ഷൻ ടു കോൺസ്റ്റിറ്റിയൂഷണൽ ഡിബേറ്റ്സ് എന്ന പുസ്തകം.

നാം എന്തായിരുന്നുവെന്നും അതിലേക്കു തിരികെ പോകണമെന്നും വാദിക്കുന്നവരുണ്ട്. നമ്മുടെ രാജ്യത്ത് ഇന്ന് അത്തരം വാദഗതികൾ പ്രബലമാകുന്നുണ്ട്. അത്തരം വാദങ്ങൾക്കു മേൽക്കൈ ലഭിച്ച രാജ്യങ്ങൾ ഫാസിസ്റ്റ് ഭരണത്തിലേക്ക് അധഃപ്പതിച്ചതായി ചരിത്രം വ്യക്തമാക്കുന്നു. പിന്നോട്ടുപോകുകയെന്നതല്ല, പകരം നാം എന്തായി തീരണമെന്നു ചിന്തിച്ച് അതു യാഥാർഥ്യമാക്കുന്നതിനായി മുന്നോട്ടുള്ള പ്രയാണമാണു വേണ്ടത്. ഇതായിരുന്നു ഭരണഘടനാ അംസംബ്ലിയുടെ പൊതുവായ സമീപനം.

ഇന്ത്യ എന്തായിത്തീരണമെന്നു വിഭാവനം ചെയ്തു നിർണയിച്ചത് ഭരണഘടനാ അസംബ്ലി ചർച്ചകളാണ്. ഭരണഘടനയില്ലെങ്കിൽ ഇന്ത്യയെന്ന രാജ്യംതന്നെ ഇല്ലെന്നതാണു വസ്തുത. എന്നാൽ ഭരണഘടനാ സ്ഥാനങ്ങളിലിരിക്കുന്നവർ തന്നെ ഭരണഘടനയെ അട്ടിമറിക്കാൻ ശ്രമിക്കുകയും അവർ തങ്ങളുടെ സ്ഥാനങ്ങൾ വിസ്മരിച്ച് അത്തരം അട്ടിമറികൾക്ക് അന്യായമായി നിന്നുകൊടുക്കുകയും ചെയ്യുന്ന കാഴ്ചയാണിന്ന്. ഭരണഘടന മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾക്കൊപ്പമുള്ള മുന്നോട്ടുപോക്ക് എന്തായിരിക്കണമെന്നു മനസിലാക്കുന്നതിനും ആ വഴിയിലേക്ക് ഇന്ത്യൻ പൗരനെ നയിക്കാൻ സഹായിക്കുന്നതുമാണ് ഈ കൃതി. പൊതുരംഗത്തു സജീവമായി ഇടപെടുന്ന ഒരാൾ ഉത്തരവാദിത്ത ബോധത്തോടെയെത്തിയതിന്റെ ഫലമായാണ് ഈ പുസ്തകം രൂപം കൊണ്ടത്. അതാണ് ഇതിനെ വേറിട്ടു നിർത്തുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

തിരുവനന്തപുരം ഹോട്ടൽ അപ്പോളോ ഡിമോറയിൽ നടന്ന ചടങ്ങിൽ ഹൈക്കോടതി മുൻ ആക്ടിങ് ചീഫ് ജസ്റ്റിസ് അലക്സാണ്ടർ തോമസ് മുഖ്യമന്ത്രിയിൽനിന്നു പുസ്തകം ഏറ്റുവാങ്ങി. ഭരണഘടനാ അസംബ്ലിയുമായി ബന്ധപ്പെട്ട ചർച്ചകൾ സംബന്ധിച്ച മികച്ച ഗവേഷണാത്മക രചനയാണു പുസ്തകമെന്ന് അദ്ദേഹം പറഞ്ഞു. 17 അധ്യായങ്ങളിലൂടെ ഭരണഘടനാ അസംബ്ലിയിലെ സംവാദനങ്ങളെ വിശകലനം ചെയ്യുന്നതാണു പുസ്തകം.

ഇന്ത്യ എന്ന പേര്, ആമുഖത്തിന്റെ പ്രസക്തി, മൗലികാവകാശങ്ങൾ, പാർലമെന്ററി ജനാധിപത്യം, ഗവർണർ പദവി, കൊളീജിയം, കാശ്മീരിന്റെ പ്രത്യേക പദവി, ദേശീയ പതാക, ന്യൂനപക്ഷങ്ങൾക്കുള്ള സംവരണം തുടങ്ങി ഇന്ന് ഏറ്റവും ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളിൽ ഭരണഘടനാ അസംബ്ലി എങ്ങനെ ചിന്തിച്ചുവെന്ന് ഈ പുസ്തകം വ്യക്തമാക്കുന്നു. പുസ്തക പ്രകാശന ചടങ്ങിൽ കൊച്ചി ദേശീയ നിയമ സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ.സി. സണ്ണി അധ്യക്ഷത വഹിച്ചു. ഗ്രന്ഥകാരൻകൂടിയായ മന്ത്രി പി. രാജീവ് മറുപടി പ്രസംഗം നടത്തി.

# രാജ്യത്ത് മെഡിക്കൽ കോളേജുകളിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ന്യൂറോ ഇന്റർവെൻഷൻ

## സ്ട്രോക്ക് ചികിത്സയിൽ മെഡിക്കൽ കോളേജിൽ നൂതന സംവിധാനം

തിരുവനന്തപുരം : തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ന്യൂറോളജി വിഭാഗത്തിന് കീഴിൽ ന്യൂറോ ഇന്റർവെൻഷൻ സംവിധാനം സജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. രാജ്യത്ത് സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായാണ് ന്യൂറോളജി വിഭാഗത്തിന് കീഴിൽ ന്യൂറോ ഇന്റർവെൻഷൻ സംവിധാനം സജ്ജമാക്കിയത്. തലച്ചോറ്, നട്ടെല്ല്, കഴുത്ത് എന്നീ ശരീര ഭാഗങ്ങളിലെ പ്രധാന രക്തക്കുഴലുകളിലെ രോഗാവസ്ഥ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ഉപയോഗിക്കുന്ന സംവിധാനമാണ് ന്യൂറോ ഇന്റർവെൻഷൻ. ശസ്ത്രക്രിയയ്ക്ക് പകരം ഉപയോഗിക്കാവുന്ന ഒരു ചികിത്സാ സംവിധാനമാണിത്. ന്യൂറോ ഇന്റർവെൻഷന്റെ പരിശീലന കേന്ദ്രമായും മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി 2 വർഷത്തെ ന്യൂറോ ഇന്റർവെൻഷൻ ഫെലോഷിപ്പ് പ്രോഗ്രാമും നടത്തുന്നു. ഇതിലൂടെ വിദഗ്ധ ഡോക്ടർമാരെ സൃഷ്ടിക്കാനും സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

സ്ട്രോക്ക് ബാധിച്ച് പ്രധാന രക്തക്കുഴലുകൾ അടയുമ്പോൾ കട്ടപിടിച്ച രക്തം എടുത്ത് മാറ്റുന്ന മെക്കാനിക്കൽ ത്രോമ്പക്ടമി ഉൾപ്പെടെയുള്ള സംവിധാനങ്ങളാണ് മെഡിക്കൽ കോളേജിലെ സമഗ്ര സ്ട്രോക്ക് സെന്ററിൽ സജ്ജമാക്കിവരുന്നത്. തലച്ചോറിലേക്കുള്ള വലിയ രക്തക്കുഴലിലെ ബ്ലോക്ക് മാറ്റുന്നതിനുള്ള മെക്കാനിക്കൽ ത്രോമ്പക്ടമി 24 മണിക്കൂറിനുള്ളിൽ ചെയ്യേണ്ടതാണ്. ശരീരം തളരാനും മരണം സംഭവിക്കാനുമുള്ള സാധ്യത പരമാവധി കുറച്ച് ജീവിതത്തിലേക്ക് തിരിച്ചെത്തിക്കാൻ ഇതിലൂടെ കഴിയും. ന്യൂറോ ഇന്റർവെൻഷൻ സംവിധാനം വന്നതോടു കൂടി തിരുവനന്തപുരം മെഡിക്കൽ കോളേജ് സമഗ്ര സ്ട്രോക്ക് സെന്ററായി പൂർണമായി മാറിയിരിക്കുകയാണ്.

സ്ട്രോക്ക് ബാധിച്ച് ഗുരുതരാവസ്ഥയിലെത്തുന്ന രോഗികളുടെ തലച്ചോറിലെ സിടി ആൻജിയോഗ്രാം എടുക്കുവാനുള്ള സംവിധാനവും ന്യൂറോളജി വിഭാഗത്തിൽ ഈ കാലയളവിൽ സജ്ജമാക്കി. സ്ട്രോക്കിന്റെ ചികിത്സയായ രക്തം അലിയിക്കുന്ന ത്രോംബോലൈസിസും മെക്കാനിക്കൽ ത്രോമ്പക്ടമിയും കഴിഞ്ഞ രോഗികൾക്ക് തീവ്ര പരിചരണം നൽകുവാൻ 12 കിടക്കകളുള്ള സ്ട്രോക്ക് ഐസിയു സ്ഥാപിച്ചിട്ടുണ്ട്. തീവ്ര പരിചരണത്തിനിടയിൽ തലച്ചോറിൽ അമിതമായ നീർക്കെട്ടുണ്ടായാൽ ന്യൂറോസർജന്റെ സഹായത്തോടു കൂടി ഡികമ്പ്രസീവ് ക്രേനിയെക്ടമി ചെയ്യുവാനുള്ള സംവിധാനവുമുണ്ട്. ചെറിയ രീതിയിൽ സ്ട്രോക്ക് വന്നാൽ അതിന്റെ കാരണം കഴുത്തിലെ രക്തക്കുഴലുകളിലെ അടവ് കൊണ്ടാണെങ്കിൽ വാസ്ക്യുലർ സർജന്റെ സഹായത്തോട് കൂടി എന്റാർട്ട്റെക്ടമി ചെയ്യുവാനുള്ള സംവിധാനവും മെഡിക്കൽ കോളേജിലുണ്ട്.

നൂതന സംവിധാനങ്ങളായ ന്യൂറോ ഇന്റർവെൻഷൻ, ഡി കമ്പ്രസീവ് ക്രയിനെക്ടമി, എന്റാർട്ട്റെക്ടമി, തീവ്ര പരിചരണം തുടങ്ങിയവയെല്ലാം സംയോജിപ്പിച്ച് സമഗ്ര സ്ട്രോക്ക് സെന്ററാണ് മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിരിക്കുന്നത്.

# വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് അപേക്ഷിക്കാം

സ്റ്റേറ്റ് റിസോഴ്സ് സെന്റർ നടത്തുന്ന വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. സർട്ടിഫിക്കറ്റ് ഇൻ ലൈഫ് സ്കിൽ എഡ്യുക്കേഷൻ, ക്ലാസിക്കൽ ആൻഡ് കൊമേഴ്സ്യൽ ആർട്സ്, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, ഡിപ്ലോമ ഇൻ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് കോഴ്സുകൾക്കാണ് അപേക്ഷ ക്ഷണിച്ചത്. അപേക്ഷകൾ ഓൺലൈനായി 30 നകം സമർപ്പിക്കണം. https://apps-rccc.in/register എന്ന ലിങ്കിലൂടെ അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ wwws.rccc.inൽ ലഭിക്കും.

# ഈ വർഷം മുതൽ അധ്യാപക സ്ഥലംമാറ്റം പൂർണമായും 'പേപ്പർലെസ്" ആക്കി കൈറ്റ്

തിരുവനന്തപുരം : സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലെ അധ്യാപകരുടെ സ്ഥലംമാറ്റവും നിയമനവും കൈറ്റിന്റെ പരിഷ്ക്കരിച്ച സോഫ്റ്റ്‌വെയർ വഴി ഈ വർഷം മുതൽ പൂർണമായും 'പേപ്പർലെസ്' ആയി മാറിക്കഴിഞ്ഞു. 200708 ൽ പ്രഥമാധ്യാപകരുടേയും എ.ഇ.ഒ. മാരുടേയും സ്ഥലംമാറ്റത്തിനും നിമനത്തിനും ആണ് ആദ്യമായി ഓൺലൈൻ സംവിധാനം ഐ.ടി.@സ്കൂൾ (കൈറ്റ്) ഏർപ്പെടുത്തിയത്. അടുത്ത വർഷം മുതൽ മുഴുവൻ അധ്യാപകരുടേയും സ്ഥലംമാറ്റം ഓൺലൈനായതോടെ ഈ മേഖലയിൽ ഇന്ത്യയിൽ ആദ്യത്തേതും ബൃഹത്തായതുമായ ഇഗവേർണൻസ് സംവിധാനമായി ഇത് മാറിയിരുന്നു. ഇതോടെ പരാതികളും കോടതി വ്യവഹാരങ്ങളും പൂർണമായും ഒഴിവായി. ഈ വർഷത്തെ സ്ഥലംമാറ്റവും നിയമനവുമായി ബന്ധപ്പെട്ട് പതിനാല് ജില്ലകളിലായി 277 പ്രൊവിഷണൽ ലിസ്റ്റുകൾ ഇതുവരെ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് തന്നെ പെൻ നമ്പറും മൊബൈൽ നമ്പറും നൽകുമ്പോൾ അധ്യാപകരുടെ വിശദാംശങ്ങൾ 'സമ്പൂർണ'യിൽ നിന്നും ലഭ്യമാകും (നേരത്തെ ഈ വിവരങ്ങൾ പ്രത്യേകം നൽകേണ്ടിയിരുന്നു). അധ്യാപകർക്ക് അനുബന്ധ രേഖകൾ ഓൺലൈനായി നല്കാം. കഴിഞ്ഞ വർഷം വരെ ഹാർഡ് കോപ്പികൾ ഡി.ഡി. ഓഫീസിലെത്തിക്കണം. സ്ഥലംമാറ്റം വേണ്ട ഓപ്ഷനുകളുടെ എണ്ണം 10ൽ നിന്നും 20 ആക്കി. സർവീസ് കാലയളവിൽ സീനിയോരിറ്റിക്ക് പരിഗണിക്കേണ്ടാത്ത കാലയളവും സിസ്റ്റം ഓൺലൈനായി ക്യാപ്ച്ചർ ചെയ്യും. അപേക്ഷയുടെ എല്ലാ ഘട്ടങ്ങളിലും അധ്യാപകർക്കുണ്ടാകുന്ന പരാതികൾ ഇനി ഓൺലൈനായി നല്കാം. നേരത്തെ ഇതും ഫിസിക്കൽ ആയി നൽകേണ്ടിയിരുന്നു. അതുപോലെ കഴിഞ്ഞ വർഷം വരെ ഡി.ഡി.ഇ തലത്തിലുണ്ടായിരുന്ന റീസെറ്റ് ഓപ്ഷൻ ഈ വർഷം മുതൽ പ്രഥമാധ്യാപകർക്ക് തന്നെ ലഭ്യമാക്കിയിട്ടുണ്ട്.

മുൻകാലങ്ങളിൽ ഏറെ സങ്കീർണവും പരാതികൾക്കിടവരുത്തിയിരുന്നതുമായ പ്രയോറിറ്റി റൊട്ടേഷനിൽ ഈ വർഷം മുതൽ മുൻഗണനയ്ക്കകത്ത് റൊട്ടേഷൻ ഏർപ്പെടുത്തി പ്രത്യേക പ്രയോറിറ്റി റാങ്കിംഗ് സംവിധാനം കൂടി ഏർപ്പെടുത്തി. കഴിഞ്ഞ വർഷം വരെ പ്രൊവിഷണൽ ലിസ്റ്റുകൾ ജനറേറ്റ് ചെയ്തിരുന്നത് കൈറ്റിന്റെ സംസ്ഥാന ഓഫീസിൽ നിന്നായിരുന്നെങ്കിൽ ഈ വർഷം അത് പൂർണമായും ജില്ലകളിൽ ഡി.ഡി.ഇ. ഓഫീസുകളിൽ നിന്നാക്കി. ഡി.ഡി.ഇ.മാർ സ്ഥലംമാറ്റ ഉത്തരവ് ജനറേറ്റ് ചെയ്യുന്നതും ഈ വർഷം മുതൽ ഓൺലൈനായി. പതിനായിരത്തോളം അധ്യാപകരാണ് ഈ വർഷം സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുള്ളത്.

# താത്കാലിക അധ്യാപക ഒഴിവ്

തിരുവനന്തപുരം : ഐ.എച്ച്.ആർ.ഡിയുടെ പൈനാവ് മോഡൽ പോളിടെക്നിക് കോളേജിൽ അദ്ധ്യാപക ഒഴിവുകളിലേക്ക് താത്ക്കാലിക നിയമനത്തിനായി അപേക്ഷ ക്ഷണിച്ചു. ലക്ചറർ ഇൻ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് (യോഗ്യത ഫസ്റ്റ് ക്ലാസ് ബി ടെക് ബിരുദം), ലക്ചറർ ഇൻ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് (യോഗ്യത ഫസ്റ്റ് ക്ലാസ് ബി ടെക് ബിരുദം), ലക്ചറർ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (യോഗ്യത ഫസ്റ്റ് ക്ലാസ് ഞ ഇഅ) എന്നീ തസ്തികകളിലേക്കാണ് നിയമനം. ബയോമെഡിക്കൽ എൻജിനീയറിങ് വിഭാഗത്തിൽ മേയ് 30നും കമ്പ്യൂട്ടർ എൻജിനീയറിങ് വിഭാഗത്തിൽ 31നുമാണ് അഭിമുഖം. താല്പര്യമുള്ളവർ അതാത് ദിവസം രാവിലെ 10ന് ബയോഡേറ്റയും ഒർജിനൽ സർട്ടിഫിക്കറ്റുകളും സർട്ടിഫിക്കറ്റുകളുടെ ഓരോ പകർപ്പും സഹിതം കോളജിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0486 2297617, 9947130573, 9744157188.

# പകർച്ചവ്യാധി പ്രതിരോധം, അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നവർക്കെതിരെ കർശന നടപടി: മന്ത്രി വീണാ ജോർജ്

## അനധികൃത അവധിയിലുള്ളവർക്ക് തിരികെയെത്താൻ അവസരം

തിരുവനന്തപുരം : അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ആരോഗ്യ വകുപ്പ് ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി. അനധികൃതമായി വിട്ടു നിൽക്കുന്ന ജീവനക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ച് പിരിച്ചുവിടൽ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കും. പകർച്ചവ്യാധി പ്രതിരോധത്തിനായി ആരോഗ്യ പ്രവർത്തകർ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. എന്നാൽ ചില ജീവനക്കാർ അനധികൃതമായി അവധിയിലാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇത് ഒരു തരത്തിലും അംഗീകരിക്കാൻ പറ്റില്ല. ജില്ലകളിൽ അനധികൃതമായി അവധിയിലുള്ള ജീവനക്കാരുടെ വിവരങ്ങൾ അടുത്ത 5 ദിവസത്തിനകം റിപ്പോർട്ട് ചെയ്യാൻ നിർദേശം നൽകിയിട്ടുണ്ട്. അനധികൃത അവധിയിലുള്ള ജീവനക്കാരിൽ സർവീസിൽ തിരികെ പ്രവേശിക്കാൻ താത്പര്യമുള്ളവർ ഒരാഴ്ചയ്ക്കകം ജോലിയിൽ തിരികെ പ്രവേശിക്കണമെന്ന് പൊതു അറിയിപ്പ് നൽകാൻ നിർദേശം നൽകി. ആരോഗ്യ വകുപ്പ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും ഇതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാനും മന്ത്രി നിർദേശം നൽകി. ആരോഗ്യ വകുപ്പിന്റെ ഉന്നതതല യോഗത്തിലാണ് മന്ത്രി നിർദേശം നൽകിയത്.തുടർച്ചയായി ഉണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ കാരണം അനേകം പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നതിന് കാരണമാകുന്നുണ്ട്. ആയിരക്കണക്കിന് ആരോഗ്യ പ്രവർത്തകരാണ് രാവും പകലുമില്ലാതെ ജോലി ചെയ്യുന്നത്. ഈ സമയത്ത് ആരോഗ്യ മേഖലയിൽ നിന്നും ജീവനക്കാർ മാറി നിൽക്കാൻ പാടില്ല. കൂടുതൽ മികവുറ്റ ആരോഗ്യ സേവനങ്ങൾ നൽകുന്നതിന് ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിയമിതരായ ജീവനക്കാരിൽ അനധികൃത ഹാജരില്ലായ്മ വകുപ്പിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നതായി റിപ്പോർട്ടുകളുണ്ട്. കൂടാതെ ഇത്തരം ജീവനക്കാരെ സർവീസിൽ തുടരാനനുവദിക്കുന്നത് സേവനതൽപരരായ, അർഹരായ ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കുകയും ചെയ്യും. അതിനാലാണ് കർശന നടപടി സ്വീകരിക്കുന്നത്.

സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധത്തിനായി ആരോഗ്യ വകുപ്പ് ശക്തമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധത്തിന് സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) രൂപീകരിച്ചിരുന്നു. ഇത് കൂടാതെ ആരോഗ്യ വകുപ്പിന് കീഴിലുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കുമുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി സ്റ്റേറ്റ് കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്. പ്രധാന ആശുപത്രികളിൽ പ്രത്യേകം ഫീവർ ക്ലിനിക്ക് ഉറപ്പാക്കാനും നിർദേശം നൽകി.